
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 20 THE ONLINE OFFICIAL NEWS BULLETIN 2023 May 20

SEASON OF RESURRECTION | ഉയിർപ്പുകാലം | ܙܒܢܐ ܕܩܝܡܬܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
21 Sunday before Pentecost Comme. of St. Helen the Queen	22	23	24	25	26 9th Memory of Mar Baselios Marthoma Didymos I Catholicos (Pathanapuram Dayara)	27
			AWAITING HOLY SPIRIT			
♫6	♫2	♫6	♫2	♫6	♫2	♫6






പ. ബസ്സേലിയോസ് മർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം നിർവഹിച്ച ദേവലോകം അരമനയിലെ പുതിയ കോൺഫറൻസ് ഹാൾ.



ബഥനി ആശ്രമത്തിന്റെ ആദ്യ കോളജായ 'ബഥാനിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ്' കുന്നംകുളത്ത് മെയ് 16-ന് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

മലയോര നിവാസികളുടെ സംരക്ഷണം ഉറപ്പാക്കണം: പ. കാതോലിക്കാ ബാവാ

ദേവലോകം: കാട്ടുപോത്തിന്റെ ആക്രമണത്തിൽ മൂന്ന് മലയോര നിവാസികൾ കൊല്ലപ്പെട്ടത് കേരളത്തെ നടുക്കുന്ന വാർത്തയെന്ന് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ. ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പൗരന്റെ ജീവനും സ്വത്തിനും ഭരണഘടന അനുശാസിക്കുന്ന സംരക്ഷണം നൽകേണ്ടത് ഭരണകൂടത്തിന്റെ ബാധ്യതയാണ്. മരിച്ചവരുടെ ആത്മശാന്തിക്കായും, ഉറ്റവരുടെ സമാധാനത്തിനും ആശ്വാസത്തിനു വേണ്ടിയും പ്രാർത്ഥിക്കുന്നതായും അദ്ദേഹം പറഞ്ഞു.



മാർപാപ്പായുടെ കത്തീഡ്രൽ എന്നറിയപ്പെടുന്ന റോമിലെ വി. ജോൺ ലാറ്ററൻ ബസിലിക്കയിൽ കോപ്റ്റിക് സഭയുടെ തലവൻ പ. തവദ്രോസ് രണ്ടാമൻ ദിവ്യബലി അർപ്പിച്ചു. കാൽസിഡോൺ സൂനഹദോസിൽ ഇരു സഭകളും വേർപിരിഞ്ഞതിന് 1500 വർഷങ്ങൾക്ക് ശേഷം കത്തോലിക്ക സഭയുടെ തലവനായ മാർപാപ്പായും, കോപ്റ്റിക് സഭയുടെ തലവനും പരസ്പരം കൂടിക്കാഴ്ച നടത്തിയതിന്റെ ഓർമ്മ ആചരിക്കാനായിട്ടാണ് പ. തവദ്രോസ് രണ്ടാമൻ റോമിലെത്തിയത്. സന്ദർശനത്തിനിടെ കത്തോലിക്ക സഭയുടെ ആസ്ഥാനമായ വത്തിക്കാനിൽ നടന്ന ബലിയർപ്പണം ഏറെ ശ്രദ്ധേയമായി.




പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു. ആദ്യമായാണ് ഒരു ഓർത്തഡോക്സ് പരമാധ്യക്ഷൻ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിക്കുന്നത്. ഭരണങ്ങാനത്ത് എത്തിയ പ. ബാവായെ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്പ് ഇമെരിറ്റസ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, ഷംഷാബാദ് രൂപതാ സഹായ മെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശ്വാസ പഠനം



തിരുവെഴുത്തുകൾ: സഭയുടെ ആധികാരിക പാരമ്പര്യം - 3

ഡോ. തോമസ് മാർ അത്താനാസിയോസ്

തിരുവെഴുത്തുകൾ സഭാവിശ്വാസത്തിന്റെ അടിസ്ഥാനരേഖ എന്ന കാര്യത്തിൽ ക്രൈസ്തവസഭകളുടെയിടയിൽ പൊതുവേ അഭിപ്രായ ഐക്യം നില നിൽക്കുന്നു . എന്നാൽ പഴയനിയമം തിരുവെഴുത്തുകളുടെ പരിധിയിൽപ്പെടുമോ എന്ന കാര്യത്തിലാണ് വിശ്വാസികളിൽ നിന്നും വിയോജിപ്പ് ഉയർന്നിരിക്കുന്നത്. അവർ പുതിയനിയമത്തിലെ ഏതെങ്കിലും ഒരു വാക്യമോ ആശയമോ കാഴ്ചപ്പാടോ യഥേഷ്ടം തിരഞ്ഞെടുത്ത് അതിനെ മാനദണ്ഡമാക്കി പഴയനിയമത്തെ വിലയിരുത്തി അതിൻെറ സാധുത നിഷേധിക്കുന്ന രീതി അവലംബിക്കുന്നതാണിവിടെ പ്രശ്നം. ഈ തരത്തിലുള്ള സമീപനം ശാസ്ത്രീയമായ വേദപുസ്തക വ്യാഖ്യാനം (biblical hermeneutics) അംഗീകരിക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് പുതിയനിയമത്തിൻെറ പൊതുവായ കാഴ്ചപ്പാട് കണ്ടെത്തി അതിനെ പൂർവ്വവെളിപാടുകളുടെ സാധുതയുടെയും ആധികാരികതയുടെയും അന്വേഷണ മാനദണ്ഡമാക്കുക എന്നതാണ് ശരിയായ രീതിശാസ്ത്രം.

ക്രിസ്തുവും അവനെ അവതരിപ്പിച്ച സുവിശേഷകരും എങ്ങനെ പഴയനിയമത്തെ കണ്ടു എന്ന് മനസ്സിലാക്കുന്നത് ഇതു സംബന്ധിച്ച അന്വേഷണത്തിന്റെ പ്രാഥമിക നടപടിയാണ്. കർത്താവിന്റെ ആളത്തം, നിയോഗം, ശുശ്രൂഷ എന്നിവയെല്ലാം ഏത് മത-സാംസ്കാരിക-ആത്മീയ പരിസരത്ത് രൂപപ്പെട്ടു എന്നതും ഈ വിഷയത്തിൽ നിർണ്ണായകമാണ്. യേശുവിന്റെ സ്വയാവബോധവും പഴയനിയമത്തോടുള്ള കാഴ്ചപ്പാടും ആണല്ലോ പഴയനിയമത്തിന് സഭയിലുള്ള സാധുതയുടെയും ആധികാരികതയുടെയും മാനദണ്ഡം എന്നത്. ഇവ രേഖപ്പെടുത്തിയിരിക്കുന്നത് പ്രധാനമായും സുവിശേഷങ്ങളിൽ ആണ്. അതുകൊണ്ട് സുവിശേഷങ്ങളുടെ സാക്ഷ്യം പഠനവിധേയമാക്കേണ്ടതുണ്ട്. നാലു സുവിശേഷകരും ക്രിസ്തുവിന്റെ വചനങ്ങൾ, നടപടികൾ, നിലപാടുകൾ എന്നിവ തങ്ങളുടെ രചനകളിൽ അവതരിപ്പിക്കുന്നുണ്ട്. എന്നാൽ അതോടൊപ്പം ഈ പഠനത്തിന് ആവശ്യമായ ശാസ്ത്രീയവും നിഷ്പക്ഷവുമായ രീതിശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. കർശനമായ മാനദണ്ഡങ്ങൾ പാലിച്ച് നിഷ്പക്ഷമായ അന്വേഷണത്തിനാണ് ഉദ്യമിക്കേണ്ടത്.

നാലു സുവിശേഷകരും ക്രിസ്തുവിനെ അവതരിപ്പിക്കുന്നു എന്നത് ശരിയാണ്. എന്നാൽ അവർ അവതരണരീതി, ലക്ഷ്യം, മുൻഗണന എന്നിവയിൽ വൈവിധ്യം പുലർത്തുന്നു. അതുപോലെ അവരുടെ ജീവിത പശ്ചാത്തലവും വ്യത്യസ്തമാണ്. അതുകൊണ്ട് ഇവയിൽ ഏതു സുവിശേഷമാണ് ഈ പഠനത്തിന് പ്രാഥമിക രേഖയാക്കേണ്ടത് എന്നതും പഠനപ്രക്രിയയുടെ ഭാഗമാണ്. അതിനായി രചയിതാക്കളുടെ മത-സാംസ്കാരിക പശ്ചാത്തലം, താല്പര്യങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ അന്വേഷണ വിധേയമാക്കേണ്ടതുണ്ട്. കാരണം അവയെല്ലാം ക്രിസ്തുവിനെ അവതരിപ്പിക്കുന്നതിൽ അവരെ സ്വാധീനിച്ചിരിക്കാവുന്ന ഘടകങ്ങളാണ്. അതുകൊണ്ട് പഠനത്തിന് ആധാരമാക്കേണ്ട സുവിശേഷ ഗ്രന്ഥത്തിന്റെ തിരഞ്ഞെടുപ്പിലും ശാസ്ത്രീയതയും വിവേചനവും പുലർത്തേണ്ടതുണ്ട്.

സുവിശേഷകരിൽ മത്തായി, യോഹന്നാൻ എന്നിവർ യഹൂദ പാരമ്പര്യത്തിൽ തന്നെ പെട്ടവരാണ്. മർക്കോസ് എന്നത് ലത്തീൻ പേരാണെങ്കിലും അദ്ദേഹം യഹൂദനായിരിക്കാനാണ് സാദ്ധ്യത. ജോൺ മാർക്ക് എന്നാണ് അദ്ദേഹം അറിയപ്പെടുക. കൂടാതെ മർക്കോസ് അപ്പോസ്തലനായ പത്രോസിന്റെ ശിഷ്യനും ആയിരുന്നു. അതുകൊണ്ട് പത്രോസിന്റെ കാഴ്ചപ്പാടിൽ ത്തന്നെ ആയിരിക്കണം അദ്ദേഹം സുവിശേഷരചന നടത്തിയത്. യഹൂദമത പാരമ്പര്യമുള്ള മേല്പറഞ്ഞ മൂന്നു സുവിശേഷകരും ക്രിസ്തുവിനെയും ക്രിസ്തുവെളിപാടിനെയും അവരുടെ മത - സാംസ്കാരിക പശ്ചാത്തലത്തിലും കാഴ്ചപ്പാടിലും അവതരിപ്പിച്ചു എന്നത് സ്വാഭാവികമാണ്. അതുകൊണ്ട് അവ



യെയും നാം പരിഗണിക്കുന്നുവെങ്കിലും വസ്തുനിഷ്ഠമായ പഠനം ലക്ഷ്യമിടുന്നതുകൊണ്ട് പഴയനിയമത്തിന്റെ ആധികാരികത സംബന്ധിച്ച സ്വതന്ത്ര പഠനത്തിന് അവ അടിസ്ഥാന രേഖകൾ ആക്കുന്നില്ല. നിഷ്പക്ഷമായ പഠനത്തിന് വിമർശനാത്മക രേഖകളാണല്ലോ വിശ്വസനീയം.

അവശേഷിക്കുന്ന ഏക സുവിശേഷം ലൂക്കോസിന്റേതാണ്. ലൂക്കോസ് യവനവംശജനും ഗ്രീക്ക് - റോമൻ സാംസ്കാരിക പാരമ്പര്യമുള്ള ആളുമാണ്. അതുകൊണ്ട് യഹൂദ മതപാരമ്പര്യം സാധൂകരിക്കേണ്ട ബാദ്ധ്യത ലൂക്കോസിനില്ല. കൂടാതെ അദ്ദേഹം വിമർശനബുദ്ധിയോടെ ന്യായപ്രമാണത്തെ വിലയിരുത്തുന്ന പൗലോസിന്റെ ശിഷ്യനുമാണ്. ഈ പരിഗണനകൾ വെച്ചായിരിക്കണം പഴയനിയമം അപ്പാടെ നിഷേധിച്ച പഴയനിയമ വിരോധിയായ മാർക്കിയോൻ ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ പത്തു ലേഖനങ്ങളും മാത്രം ഉൾപ്പെടുത്തി പുതിയനിയമ കാനോൻ സൃഷ്ടിച്ചത്. അതായത് പഴയനിയമം പൂർണ്ണമായും തിരസ്കരിച്ച മാർക്കിയോൻ അംഗീകരിച്ച ഏക സുവിശേഷം തന്നെയാകട്ടെ പഴയനിയമത്തിന്റെ ആധികാരികത അളക്കുന്ന പഠനത്തിന്റെ പ്രമാണരേഖ. ലൂക്കോസിന്റെ മത-സാംസ്കാരിക പശ്ചാത്തല പ്രകാരം പഴയനിയമത്തെയും പഴയനിയമവെളിപാടിനെയും യേശുവിനെ അവതരിപ്പിക്കുന്നതിൽ ആധികാരികം ആക്കേണ്ട കാര്യവുമില്ല. മൂന്നാം സുവിശേഷ പ്രകാരം ക്രിസ്തുവെളിപാട് സാർവ്വത്രികരക്ഷയുടെ തുറവിക്കുതകുന്നതിനാൽ ലൂക്കോസ് തന്റെ യഹൂദേതര മതപശ്ചാത്തല പ്രകാരം യഹൂദപാരമ്പര്യത്തെ സാധൂകരിക്കേണ്ട മത-സാംസ്കാരിക സമ്മർദ്ദങ്ങൾ ബാദ്ധ്യത ഇവകളിൽ നിന്നും സ്വതന്ത്രനാണ്.

അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ യഹൂദന്മാരുടെ രക്ഷയല്ല മശിഹായുടെ മനുഷ്യാവതാര ലക്ഷ്യം. സർവ്വജനത്തിന്റെയും വീണ്ടെടുപ്പാണ് മനുഷ്യാവതാര ലക്ഷ്യവും സുവിശേഷത്തിന്റെ ഉള്ളടക്കവും (ലൂക്കോസ് 2:10). ക്രിസ്തുവിലൂടെയുള്ള രക്ഷയുടെ സാർവ്വത്രിക സ്വഭാവമാണ് ലൂക്കോസ് അവതരിപ്പിക്കുന്നത്. അതുകൊണ്ട് ലൂക്കോസ് അവതരിപ്പിക്കുന്ന സുവിശേഷത്തിലെ ക്രിസ്തുവിന്റെ വാക്കുകൾ, പ്രവൃത്തികൾ, സ്വയാവബോധം എന്നിവ പഴയനിയമത്തിന് സാധുത സംബന്ധിച്ച് നിർണ്ണായകമാണ്. പഴയനിയമത്തിന്റെ സഭയ്ക്കുള്ളിലെ സാധുതയുടെയും അംഗീകാരത്തിന്റെയും ആധികാരികതയുടെയും ഉരകല്ലായി ലൂക്കോസിന്റെ സുവിശേഷത്തെ ന്യായമായും ഉപയോഗപ്പെടുത്താം. ഈ വിഷയവുമായി ബന്ധമുള്ള സുവിശേഷ ഭാഗങ്ങളും അവയുടെ വിശകലനവുമാണ് പഠനത്തിന് അവലംബിക്കുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് യേശുവിന്റെ പ്രതികരണം ആദ്യമായി ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുന്നത് രണ്ടാം അദ്ധ്യായം വാക്യം 41 മുതലുള്ള ഭാഗങ്ങളിലാണ്. പെസഹാപ്പെരുന്നാളിന് യറുശലേമിൽ വന്നിട്ട് മാതാപിതാക്കളോടൊപ്പം മടങ്ങിപ്പോകാതെ ദേവാലയത്തിൽ കഴിഞ്ഞ യേശു ബാലൻ തന്നെ തിരക്കിയെത്തിയ മാതാവിനോട് പറയുന്നു: ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കേണ്ടതല്ലയോ (ലൂക്കോസ് 2:49). യെറുശലേം ദേവാലയം യഹൂദന്മാരുടെ ആരാധനാകേന്ദ്രവും യഹോവയുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദൈവഭവനവും ആണ്. ശലോമോന്റെ പ്രതിഷ്ഠാപ്രാർത്ഥന ഇക്കാര്യം ബോദ്ധ്യപ്പെടുത്തുന്നു (1 രാജാ. 8:22–66). ഇവിടെ യെറുശലേം ദേവാലയവും പഴയനിയമ ദൈവവുമായുള്ള തന്റെ ബന്ധമാണ് യേശു വ്യക്തമാക്കുന്നത്. അതിൻപ്രകാരം താൻ ആ ദൈവത്തിന്റെ പുത്രനും ദേവാലയം തന്റെ പിതാവിന്റെ ഭവനവുമാണ് എന്നാണ് യേശു അവകാശപ്പെടുന്നത്. യഹോവ തന്റെ പിതാവാണ് എന്ന ഋജുവായ വെളിപ്പെടുത്തലാണ് ഇവിടെ യേശു നടത്തുന്നത്. സഭാപിതാവായ ഒറിഗൻ ഇക്കാര്യം ശരിവയ്ക്കുന്നു: Surely Jesus was in the temple that Solomon was built as the dwelling place of Yahweh . Jesus confesses here that it is the temple of his Father whom He revealed to us and whose son he said he was (Origan ; Homilies of the Gospel of Luke 18.5). അതായത് യെരുശലേം ദേവാലയം താൻ വെളിപ്പെടുത്തിയ പിതാവിന്റേതാണ് എന്നും താൻ ആ ദൈവത്തിന്റെ പുത്രനാണ് എന്നുമാണ് ഇവിടെ സൂചന. പഴയനിയമ ദൈവവും ക്രിസ്തുവും തമ്മിലുള്ള ബന്ധം പിതൃ-പുത്ര ബന്ധമാണെന്ന് ക്രിസ്തു പറയുന്നു; ഇതു തന്നെ സഭാപിതാവ് സാക്ഷിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ മറിയാമിനോടുള്ള മറുപടിയിൽ തന്റെ പഴയനിയമ ബന്ധം യേശു സ്ഥാപിച്ചിരിക്കുകയാണ്.

ക്രിസ്തു തന്റെ ആളത്തവും നിയോഗവും ആദ്യമായി വ്യക്തമാക്കുന്നത് നസ്രത്തിലെ സംഘാലയത്തിൽ വെച്ചാണ് (ലൂക്കോസ് 4:16–21). അവിടെ അവന് യെശയ്യാപ്രവചനഗ്രന്ഥത്തിന്റെ ചുരുൾ നൽകപ്പെട്ടു . അതിൽ നിന്നും നിശ്ചിത ഭാഗം മാത്രം വായിച്ചു . വായനയ്ക്കു ശേഷം ഈ തിരുവെഴുത്തിന് ഇന്ന് നിവൃത്തിയുണ്ടായി എന്ന് യേശു കൂട്ടിച്ചേർത്തു . ഈ വേദഭാഗത്ത് പരാമർശിക്കപ്പെട്ടിരിക്കുന്ന ദൈവാത്മാവിനാൽ അഭിഷിക്തനായ വ്യക്തി താൻ ആണെന്നും തന്നെ നിയോഗിച്ചിരിക്കുന്നത് യഹോവയാണ് എന്നുമാണ് യേശുവിന്റെ അവകാശം. അതായത് ക്രിസ്തുവിന്റെ ആളത്തവും നിയോഗവും പഴയനിയമ പ്രകാരമുള്ള നിയോഗനിവൃത്തിയാണ് എന്നും തന്നെ അതിനു നിയോഗിച്ചിരിക്കുന്നത് പഴയനിയമത്തിലെ ദൈവമായി വെളിപ്പെട്ട യഹോവയാണ് എന്നുമാണ് സൂചിപ്പിക്കുന്നത്. ക്രിസ്തു തന്റെ ആളത്തത്തിന്റെയും നിയോഗത്തിന്റെയും ആധികാരികത ഉറപ്പിച്ചിരിക്കുന്നത് പഴയനിയമ പ്രവചനത്തിലും അതിൽ വെളിപ്പെട്ട ദൈവത്തിലുമാണ്. യഹോവയുടെ ആത്മാവാണ് തൻെറ മേലുള്ളത് എന്നും യഹോവയാണ് തന്നെ അഭിഷേകം ചെയ്തിരിക്കുന്നത് എന്നും ക്രിസ്തു തന്നെ വ്യക്തമാക്കുമ്പോൾ ക്രിസ്തുവും യഹോവയും തമ്മിലുള്ള ബന്ധത്തിൽ അവ്യക്തത അവശേഷിക്കുന്നില്ല.

ക്രിസ്തു ഇവിടെ വായിച്ചത് ഗ്രീക്ക് ഭാഷയിലുള്ള യെശയ്യാ പ്രവചനത്തിന്റെ തർജ്ജമയല്ല; എബ്രായ ഭാഷയിലുള്ള മൂല ഗ്രന്ഥമോ അതിൻെറ അറമായ തർജ്ജമയോ ആയിരുന്നിരിക്കണം. അതിൽ യഹോവയുടെ ആത്മാവിനെയും യഹോവയുടെ അഭിഷേകത്തെയും പറ്റിയാണ് പരാമർശം എന്ന് പ്രത്യേകം ഓർക്കുക. മാത്രമല്ല തന്റെ നിയോഗം യഹോവയുടെ പ്രസാദവർഷം പ്രഖ്യാപനം ചെയ്യുകയുമാണ് എന്നും ഇവിടെ സൂചിപ്പിക്കുന്നു. യഹോവയുടെ പ്രസാദവർഷം എന്നത് യഹൂദ പാരമ്പര്യത്തിൽ നിലനിന്നു വരുന്ന ഉറച്ച സങ്കല്പമായിരുന്നു. അതിന്റെ പ്രഖ്യാപനത്തിനാണ് ക്രിസ്തുവിന്റെ വരവ് എന്നതാണിവിടെ സൂചന. അതുവഴി പഴയനിയമ ദൈവത്തിന്റെ നിയോഗവും അതിൻ പ്രകാരമുള്ള ശുശ്രൂഷയുമാണ് താൻ ഏറ്റെടുത്തിരിക്കുന്നത് എന്ന് യേശു വ്യക്തമാക്കുന്നു. ഈ അവകാശവാദം ഉന്നയിക്കുന്നതിലൂടെ ക്രിസ്തുവിന്റെ പഴയനിയമബന്ധം വ്യക്തം. യഹോവ തന്റെ ആരെന്നുള്ള ചോദ്യത്തിന് ഉത്തരവുമായി.

ന്യായപ്രമാണ നിർദ്ദേശങ്ങൾ അവഗണിച്ച് കർത്തൃശിഷ്യന്മാർ വയലിൽ നിന്നും കതിരുകൾ പറിച്ച് ഭക്ഷിച്ചപ്പോൾ അവർ പാരമ്പര്യലംഘനം നടത്തിയെന്ന് പരീശന്മാർ ആരോപണം ഉന്നയിക്കുന്നു (ലൂക്കോസ് 6:1–5). ക്രിസ്തു നിയമത്തെ അംഗീകരിച്ചു കൊണ്ടാണ് മറുപടി പറയുന്നത്. അതേസമയം ന്യായപ്രമാണത്തെ വിഗ്രഹവത്കരിക്കുവാൻ അവൻ തയ്യാറാവുന്നുമില്ല. നിയമത്തിന്റെ വിമോചനപരമായ അർത്ഥവ്യാഖ്യാനം നൽകുകയാണ് ചെയ്യുന്നത്.

തിരുവചനത്തിന്റെ പൊതു ചിന്തയിൽ നിന്ന് വേർപെടുത്തി ചില ഭാഗങ്ങൾക്ക് ഊന്നൽ കൊടുക്കുകയും ബാക്കി നിരാകരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ വിശ്വസിക്കുന്നത് തിരുവചനത്തിലല്ല നിങ്ങളെത്തന്നെയാണ്.

നിയമം മനുഷ്യന് കൂച്ചുവിലങ്ങിടുന്നതിനല്ല പ്രത്യുത മനുഷ്യന്റെ ജീവിതത്തെ നിയന്ത്രിക്കുവാനാണ് എന്ന് ക്രിസ്തു പ്രഖ്യാപിക്കുകയും അതിനെ ന്യായീകരിക്കുന്നതിനുള്ള ഇസ്രായേൽചരിത്രത്തിന്റെ പിൻബലം അന്വേഷിക്കുകയും ആണ് ചെയ്യുന്നത്. അതായത് ക്രിസ്തു ന്യായപ്രമാണം അംഗീകരിക്കുകയും അതിൻെറ ആന്തരികാർത്ഥം വ്യക്തമാക്കുകയും വിശദീകരണത്തിനായി പഴയനിയമത്തിലെ ദാവീദിന്റെ നിയമലംഘന നടപടി ആധാരമാക്കുകയും ആണ് (ലൂക്കോ. 6:4). ഈ കാഴ്ചപ്പാട് സ്പഷ്ടമായി മത്തായിയുടെ സുവിശേഷത്തിൽ കാണുന്നു: ഞാൻ വന്നിരിക്കുന്നത് ന്യായപ്രമാണവും പ്രവാചകന്മാരെയും നീക്കം ചെയ്യുന്നതിനല്ല നിവർത്തിയാക്കുന്നതിനായിട്ടാകുന്നു (മത്താ. 5:17). ഇവിടെ ക്രിസ്തുവിന് ന്യായപ്രമാണത്തോടും പ്രവാചകന്മാരോടും ഉള്ള സമീപനം വ്യക്തമാണ്. സുവിശേഷം പഴയനിയമ പൂർത്തീകരണം എന്ന നിലയിലാണ് ക്രിസ്തു പഴയനിയമത്തെ കാണുന്നത്.

ക്രിസ്തു ശിഷ്യന്മാരുടെ എണ്ണം 12 ആയി ക്ലിപ്തപ്പെടുത്തിയത് (ലൂക്കോ. 6:14) ആകസ്മികം അല്ല. പഴയനിയമസമൂഹം രൂപപ്പെട്ടിരിക്കുന്നത് 12 ഗോത്രപിതാക്കന്മാരിൽ ആണ് . അവരുടെ മക്കളാണ് ഇസ്രായേൽ. ആ മാതൃക വീണ്ടെടുത്താണ് സഭയുടെ രൂപപ്പെടലിൽ 12 ശിഷ്യന്മാരെ കർത്താവ് തിരഞ്ഞെടുത്ത് അവരുടെ ആത്മീയപൈതൃക പ്രകാരം സഭയെ വിഭാവനം ചെയ്ത് രൂപപ്പെടുത്തിയിരിക്കുന്നത്. ഇവിടെ പഴയനിയമ വിശ്വാസിസമൂഹവും പുതിയ നിയമസഭയും വിരുദ്ധ സങ്കല്പങ്ങളായല്ല പ്രത്യുത വളർച്ചാപരമായ തുടർച്ച (progressive continuity) യാണെന്ന് വ്യക്തമാക്കുകയാണ് .

കർത്താവിന്റെ മറുരൂപപ്പെടൽ (ലൂക്കോ. 9:28–36) നടക്കുന്ന സമയത്ത് അവിടെ മോശയും ഏലിയാവും പ്രത്യക്ഷരായിട്ടാണ് ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുസംഭവത്തിൽ ഈ വ്യക്തികളുടെ പ്രത്യക്ഷപ്പെടൽ പ്രത്യേകം ശ്രദ്ധാർഹമാണ്. പഴയനിയമത്തിൽ ഇവരിൽ മോശയ്ക്കാണ് യഹോവ പ്രത്യക്ഷപ്പെട്ട് തന്റെ പേര് വെളിപ്പെടുത്തുന്നതും ന്യായപ്രമാണം നൽകുന്നതും. ഏലിയാവാകട്ടെ യഹോവയുടെ തീവ്ര ആരാധകനും പ്രവാചകനും ഭക്തനുമാണ്. യഹോവാരാധനയ്ക്കെതിരെ ഉയർന്നുവന്ന ബാൽ ആരാധനയുടെ പുരോഹിതരെ കർമ്മേലിൽ വെച്ച് കൂട്ടക്കൊല നടത്തി യഹോവാരാധന പുനഃസ്ഥാപിച്ച വ്യക്തിയാണ് അദ്ദേഹം. അതായത് അവർ വെറും രണ്ട് പഴയനിയമ സാധാരണ കഥാപാത്രങ്ങൾ അല്ല. യഹോവാരാധനയുടെ വിട്ടുവീഴ്ചയില്ലാത്ത (uncompromising) വക്താക്കളാണ്. അവർ ക്രിസ്തുവിനു വെളിപ്പെട്ടതാകട്ടെ ക്രിസ്തുവിനു നേരിടേണ്ടി വരുന്ന പീഡാനുഭവത്തെപ്പറ്റി ആലോചിക്കുന്നതിനു വേണ്ടിയാണ്. യഹോവയുടെ തീവ്രഭടന്മാരാണ് ക്രിസ്തുവിന്റെ രക്ഷാകരദൗത്യം സംബന്ധിച്ച ആലോചനയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്നത് യാദൃച്ഛികമല്ല . ഇത് പഴയനിയമ വെളിപാടും ക്രിസ്തുനിയോഗവുമായ ബന്ധമാണ് വ്യക്തമാക്കുന്നത് . മാത്രമല്ല അതുവഴി പഴയനിയമത്തിലെ ഗോത്രദൈവം (tribal God) എന്ന് ആക്ഷേപിക്കപ്പെടുന്ന യഹോവ ക്രിസ്തുവിന്റെ രക്ഷാകരമായ പീഡാനുഭവവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നുമാണ് ഇവിടെ വെളിപ്പെടുന്നത്.

മോശയുടെയും ഏലിയാവിന്റെയും ക്രിസ്തു സന്ദർശനം സംബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ ആരാധനാജീവിതത്തിൽ വ്യക്തമായി സൂചനയുണ്ട്. സഭ ഓഗസ്റ്റ് 6 (മറുരൂപപ്പെരുന്നാൾ) മാറാനായ പെരുന്നാളായി പരിഗണിക്കുന്നു. സെപ്തംബർ 14 സ്ലീബാപ്പെരുന്നാളുമായി ബന്ധപ്പെട്ടാണ് ഈ പെരുന്നാൾ ആഘോഷിക്കുന്നത്. സ്ലീബാപ്പെരുന്നാൾ കുരിശ് കണ്ടെത്തിയതിന്റെ ഓർമ്മ മാത്രമല്ല കർത്താവിന്റെ മഹത്വീകരണപ്പെരുന്നാൾ കൂടിയാണ്. ഈ പെരുന്നാളുമായി ബന്ധപ്പെട്ടാണ് ഓർത്തഡോക്സ് സഭകൾ മോശയും ഏലിയാവും കഥാപാത്രങ്ങളായ മറുരൂപപ്പെരുന്നാളിന് പ്രാധാന്യം കല്പിക്കുന്നത്. ഇവരണ്ടും ക്രിസ്തുവിന്റെ മഹത്വീകരണപ്പെരുന്നാളുകൾ എന്ന നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്ന് മഹത്വീകരണത്തിന്റെ തുടക്കവും മറ്റേത് അതിന്റെ യാഥാർത്ഥ്യവത്കരണവും. അവ തമ്മിൽ 40 ദിവസത്തെ അകലം ഉണ്ട്. ഇസ്രായേൽ ജനതയുടെ കനാൻയാത്രയുടെ തുടക്കവും പൂർത്തീകരണവും ആയ 40 വർഷത്തിന്റെ പ്രതീകമാണ് അത് . സഭയുടെ ചിന്തയിൽ മറുരൂപപ്പെരുന്നാൾ

പുറപ്പാട് (exodus) ചിന്തയുമായി ബന്ധപ്പെട്ടാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. Christ's death is intimately connected to the glory of transfiguration, for Christ is glorified through his death . In the liturgical cycle of the feast of transfiguration (Aug 6) comes 40 days before the feast of Cross (Sept.14) Showing the connection between christ's glory and Cross . The term exodus reveals that christ's passion is the fulfillment of the Old Testament Passover and true exodus from the enslavement to Salvation. പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിന്റെ മഹത്വീകരണത്തിന്റെ ആന്തരികാർത്ഥം സൂചിപ്പിക്കുകയും പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്ന മറുരൂപ സംഭവത്തിലെ പ്രധാന കഥാപാത്രങ്ങൾ പഴയനിയമത്തിലെ യഹോവാ ഭക്തന്മാർ ആയിരുന്നു എന്നത് സഭാംഗങ്ങൾ തിരിച്ചറിയേണ്ട കാര്യമാണ്. അതോടെ ആ വിഷയവുമായി ബന്ധപ്പെട്ട ആശയക്കുഴപ്പങ്ങളും മാറും.

വിജാതീയ പാരമ്പര്യമുള്ള ലൂക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്ന ക്രിസ്തു പഴയനിയമ യഹൂദമതത്തെയും ദൈവികവെളിപാടിനെയും ദൈവത്തെയും സാധൂകരിക്കുന്നതായിട്ടാണ് സുവിശേഷത്തിൽ കാണുന്നത് . അതുകൊണ്ട് പഴയനിയമ പശ്ചാത്തലത്തിൽ നിന്ന് വിമുക്തവും സ്വതന്ത്രവുമായ വെളിപാടായിട്ടല്ല പുതിയനിയമത്തെ ലൂക്കോസ് സുവിശേഷത്തിലെ ക്രിസ്തു അവതരിപ്പിക്കുന്നത്. പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിലേയ്ക്കുള്ളത് വളർച്ചാപരമായ വെളിപാടായിട്ടാണ് (progressive revelation) ലൂക്കോസിന്റെ ക്രിസ്തു കാണുന്നത്. അതായത് പുതിയനിയമസഭ പഴയനിയമ വിശ്വാസി സമൂഹത്തിന്റെ പിന്തുടർച്ചാ ബന്ധത്തിലുമാണ് നിലനിൽക്കുന്നത് . വിജാതീയർ നിർണ്ണായക സംഖ്യ ഉണ്ടായിരുന്ന പുതിയനിയമസഭ ഇസ്രായേലിന്റെ പൈതൃകാവകാശികൾ (heirs) ആയിട്ടാണ് ലൂക്കോസ് സുവിശേഷകൻ അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഇവിടെ വിജാതിയനായ ലൂക്കോസ് സഭയുടെ പൊതു പാരമ്പര്യത്തിൽ നിന്ന് അകന്നു നിൽക്കുന്നില്ല. വിജാതീയ ക്രിസ്ത്യാനികളും തങ്ങളുടെ പൈതൃകവും പശ്ചാത്തലവും കണ്ടെത്തുന്നത് പഴയനിയമ ഇസ്രായേലിന്റെ മത-സാംസ്കാരിക പരിസരത്തിലാണ് എന്ന് സ്ഥാപിക്കുകയാണ്. Luke , the Gentile author among Gospel writers speaks for the gentile converts to Christianity who considered Christians the true heirs of Israel. അതായത് വിജാതീയ സഭയെ പുതിയനിയമ ഇസ്രായേലായിട്ടാണ് ലൂക്കോസിന്റെ അവതരണപ്രകാരമുള്ള ക്രിസ്തു വിഭാവനം ചെയ്യുന്നത്. പഴയനിയമത്തിൽ തങ്ങളുടെ പശ്ചാത്തലം കണ്ടെത്താൻ സാധിക്കാത്ത സഭയ്ക്ക് അതിന്റെ സ്വത്വവും അസ്തിത്വവും കണ്ടെത്താനാവില്ല എന്ന് ചുരുക്കം .

സുവിശേഷങ്ങളിലെ പൊതുവായ വേദശാസ്ത്ര ചിന്തയിൽ നിൽക്കാതെ തങ്ങൾക്ക് ഇഷ്ടമുള്ള ചില വാക്യങ്ങൾ ഒറ്റപ്പെടുത്തി സിദ്ധാന്തങ്ങൾ സൃഷ്ടിക്കുന്ന പ്രവണതയെ പറ്റി വിശുദ്ധ അഗസ്റ്റിൻ പറയുന്നത് ശ്രദ്ധിക്കുക: If you believe what you like in the Scripture and reject what you don't like , it is not the Scripture you believe but you yourself.

തിരുവചനത്തിന്റെ പൊതു ചിന്തയിൽ നിന്ന് വേർപെടുത്തി ചില ഭാഗങ്ങൾക്ക് ഊന്നൽ കൊടുക്കുകയും ബാക്കി നിരാകരിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ വിശ്വസിക്കുന്നത് തിരുവചനത്തിലല്ല നിങ്ങളെത്തന്നെയാണ്.

(തുടരും ...)



പ. കാതോലിക്കാ ബാവാ തിരുമേനിയുടെ സഹോദരൻ ജീവകാരുണ്യ പദ്ധതിയുടെ Bronze Membership സ്വീകരിച്ച് ഊരമന ഗലീലാക്കുന്ന് സെന്റ് മേരിസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം. പ്രസ്ഥാനത്തിന് വേണ്ടി വികാരി ഫാ. ഗീവർഗീസ് ജോൺസൺ, സഹവികാരി ഫാ. തോമസ് സാബു, യുവജനപ്രസ്ഥാന അംഗങ്ങൾ എന്നിവർ ചേർന്ന് തുക പ. പിതാവിന് കൈമാറി.



നവീകരിച്ച മണ്ണൂർ മർത്തശ്മൂനി ദൈവാലയത്തിന്റെ കൂദാശയും, ധ്യാനമുറിയുടെ കൂദാശയും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു. വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ചുള്ള വിശുദ്ധ മൂന്നിന്മേൽ കുർബാനയ്ക്ക് മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിച്ചു.



പ. ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ മാങ്ങാനം ട്രാഡാ (TRADA) പ്രിൻസിപ്പാൾ & സെകട്ടറി സിസ്റ്റർ ഡോ. ജോവാൻ ചുങ്കപ്പുര ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സന്ദർശിച്ചു.



The “EUTHALIA 2023” Camp started at Jyothis Ashram. Philipose Ramban and Fr. Kyoshi Jacob John and Br. Sam Thomas lit the lamp and inaugurated the camp.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുസ്തകം



വിശുദ്ധ രഹസ്യങ്ങൾ

മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

അദ്ധ്യായം 2 (തുടർച്ച)


[28] എന്തുകൊണ്ടാണ് സ്പൂൺ ദിവ്യമായ തിരുവത്താഴ മേശമേൽ വയ്ക്കുന്നത്? സ്പൂൺ പരിശുദ്ധാത്മാവിനെയാണ് പ്രതിനിധീകരിക്കുന്നത്. അവന്റെ മധ്യസ്ഥത വഴിയായി നാം വചനമായ ദൈവത്തിന്റെ ശരീരം സ്വീകരിക്കുന്നു. വീണ്ടും, സ്പൂൺ ദൈവത്തിന്റെ രഹസ്യാത്മകതയേയും കാവലിനേയും കുറിച്ച് മുൻകൂട്ടി അറിഞ്ഞ വിശുദ്ധ മാലാഖമാരുടെ സ്വഭാവത്തെ സൂചിപ്പിക്കുന്നു. വീണ്ടും, സ്പൂൺ മണ്ണിനെ സ്വീകരിച്ച് അതിനെ രൂപപ്പെടുത്തി മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന്റെ കൈകളേ സൂചിപ്പിക്കുന്നു.

[29] എന്തുകൊണ്ട് പട്ടക്കാരൻ കുർബ്ബാന അപ്പം തന്റെ കൈകളിലെടുത്ത് സ്ലീബായുടെ അടയാളം മുദ്രകുത്തുകയും മുറിക്കാതിരിക്കുകയും ചെയ്യുന്നത്? സ്ലീബായുടെ അടയാളം നമ്മുടെ കർത്താവേശു മശിഹായുടെ കൊലയേപ്പറ്റി പ്രവചിച്ച പരിശുദ്ധ പ്രവാചകന്മാരുടെ വചനമാണ്. (പട്ടക്കാരൻ) തന്റെ കൈകളിൽ അപ്പം വഹിച്ചുകൊണ്ട് മുകളിലേക്കുയർത്തുന്നത് തന്റെ പിതാവിന്റെ സന്നിധിയിലേക്കുള്ള വചനമായ ദൈവത്തിന്റെ ആരോഹണത്തേയാണ് സൂചിപ്പിക്കുന്നത്.

പരിശുദ്ധാത്മാവ് ഇറങ്ങി ആവസിച്ച് പൂർത്തീകരിച്ച അപ്പം പട്ടക്കാരൻ മുറിക്കാത്തതെന്തുകൊണ്ടാണ്? (അപ്പം) മുറിക്കാത്തതിന്റെ കാരണം പരിശുദ്ധാത്മാവ് വചനമായ ദൈവത്തിന്റെ ശരീരത്തിൽ യോർദാനിൽ വച്ച് ഇറങ്ങിയപ്പോൾ അവൻ കൊല്ലപ്പെട്ടില്ല. അതുപോലെ അത് ഒരു പൂർത്തീകരണം ആയിരുന്നു എങ്കിലും ക്രൂശീകരണത്തിന് തന്നെ ഏൽപ്പിച്ചുകൊടുക്കുവാൻ അവന് തിരുവിഷ്ടമായില്ല. അതിന്റെ കാരണം എന്തായിരുന്നു? ഒന്നാമത്, ആകൽക്കറുസാ ആദാമിനോട് യുദ്ധം ചെയ്ത് അവനെ ജയിച്ചതുപോലെ ആകൽക്കറുസായുമായി യുദ്ധം ചെയ്ത് അവനെ വിജയിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നതുകൊണ്ട്. രണ്ടാമതായി, ദൈവം ശത്രുവിനെ അവനുമായുള്ള യുദ്ധത്തിലും കുരിശിലും രണ്ടു വിധത്തിൽ കീഴ്പ്പെടുത്തണം എന്നത് ന്യായമാണ് അങ്ങനെ ആദാമിന്റെയും ഹവ്വായുടെയും കടങ്ങൾക്ക് വേണ്ടി പരിഹാരം നൽകി.

പരിശുദ്ധാത്മാവിനും അതായത് അവന്റെ ഇറക്കത്തിനും ഖണ്ഡിപ്പിനും ഇടയിൽ സമയം ഉണ്ട്. ഇത് സൂചിപ്പിക്കുന്നത് അവൻ അൽഭുതങ്ങൾ ചെയ്തതിനും തന്നെത്തന്നെ കുരിശിൽത്തറപ്പിന് ഏല്പിച്ചുകൊടുത്തതിനും ഇടയിലുള്ള സമയത്തേയാണ്. അതുകൊണ്ടാണ് പട്ടക്കാരൻ പിന്നീട് മുറിക്കുന്നത്.

പട്ടക്കാരൻ രണ്ട് സ്ലീബാ മുറിച്ച അപ്പത്തിന്മേൽ വരയ്ക്കുന്നു, അതിനു ശേഷം ഖണ്ഡങ്ങളെ യോജിപ്പിക്കുന്നു, മുദ്രയിടപ്പെട്ട ഭാഗം വലതുവശത്തേക്ക് കറക്കുന്നു, പിന്നീട് അത് എടുത്ത് ഒരു സ്ലീബാ വരയ്ക്കുന്നു. കുർബ്ബാന അപ്പത്തിന്റെ ഖണ്ഡനം നമ്മുടെ കർത്താവേശു മശിഹായുടെ ആത്മാവിൽ നിന്ന് ശരീരം വേർപിരിഞ്ഞതിനെയാണ് സൂചിപ്പിക്കുന്നത്. ഒന്നാമത്തെ ഖണ്ഡത്തിൽ രണ്ട് സ്ലീബാ വരയ്ക്കുന്നത് സ്വജാതീയർക്കും വിജാതീയർക്കും രക്ഷാകരമായ കുരിശാൽ ഉണ്ടായ രണ്ടു വിധ രക്ഷയെ ആണ് സൂചിപ്പിക്കുന്നത്. രണ്ടാമത്തെ ഖണ്ഡത്തിൽ ഒരു സ്ലീബാ വരയ്ക്കണം. അവരുടെ ആത്മാവ് ശരീര



ത്തിൽനിന്ന് വേർപെട്ട് അവർ പൊടിമണ്ണായിത്തീർന്നതു മൂലം മരണത്താൽ നല്ലവരും ദുഷ്ടരുമായ സകല മനുഷ്യരും തുല്യരായി ഒന്നായിത്തീർന്നു. അങ്ങനെയുള്ള മരിച്ചവർക്കുണ്ടായ രക്ഷയെയാണ് ഇത് സൂചിപ്പിക്കുന്നത്.

ഇടതുവശത്തുള്ള കുർബ്ബാന അപ്പത്തിന്റെ ഭാഗം വലതുവശത്തേക്ക് കറക്കുന്നു. ഇത് മനുഷ്യരുടെ ഇടത്തേതിനടുത്തുള്ള (ജീവിതരീതിയിൽ) നിന്ന് വലത്തേതിനടുത്തേക്കുള്ള (ജീവിതരീതിയിലേക്കുള്ള) തിരിച്ചിലിനെയാണ് സൂചിപ്പിക്കുന്നത്.

കുർബ്ബാന അപ്പത്തിന്റെ ഖണ്ഡങ്ങളെ സംയോജിപ്പിക്കുന്നു. വിഭജിച്ചിരിക്കുന്ന ഭാഗങ്ങളെ സംയോജിപ്പിക്കുന്നത് നമ്മുടെ കർത്താവേശു മിശിഹായുടെ ആഗമനം മൂലം മാലാഖമാരും മനുഷ്യരും തമ്മിലുള്ള സംയോജിപ്പിനെയാണ് സൂചിപ്പിക്കുന്നത്. (അപ്പം) ഖണ്ഡിക്കുന്നതിനേക്കുറിച്ച്. മാലഖമാർ മനുഷ്യരോട് പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലുമുള്ള വിശ്വാസത്തിൽ സാദൃശ്യമുള്ളവരും യോജിപ്പുള്ളവരും ആണെങ്കിൽ പോലും സ്വഭാവത്തിലും പ്രത്യേകതകളിലും മനുഷ്യരിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

വീണ്ടും, ഖണ്ഡങ്ങൾ സംയോജിക്കപ്പെടുകയും പിന്നീട് വിഭജിക്കപ്പെടുകയും ചെയ്യുന്നത്. അതായത്, ഖണ്ഡങ്ങൾ സംയോജിക്കുകയും പിന്നീട് വേർതിരിക്കപ്പെടുകയും ചെയ്യുന്നത് പൂർണ്ണന്മാരുടേയും പുണ്യവാന്മാരുടേയും നീതിമാന്മാരുടേയും ദൈവിക സുകൃതങ്ങളുമായുള്ള സംയോജനമാണ്. അന്ത്യത്തിൽ ചെറിയ ഭാഗങ്ങളായി ഖണ്ഡിക്കപ്പെടുന്നത് സൂചിപ്പിക്കുന്നത് വരുവാനുള്ള സ്വർഗ്ഗീയ രാജ്യത്തിൽ അവരെത്തുമെങ്കിലും സ്വർഗ്ഗരാജ്യത്തിലെ അവരുടെ വാസസ്ഥലങ്ങൾ വ്യത്യസ്തമായിരിക്കും എന്നാണ്.

ഒരു തീക്കട്ട (അപ്പക്ഷണം) എടുത്ത് അത് കാസായിൽ നിക്ഷേപിക്കു

ന്നു. കാസായിൽ നിക്ഷേപിക്കുന്ന തീക്കട്ട മാലാഖമാരിൽ നിന്നും മരണമുള്ള മനുഷ്യരിൽനിന്നും എടുക്കപ്പെട്ട വചനമായ ദൈവത്തേയാണ് സൂചിപ്പിക്കുന്നത്. കാരണം കാസാ മരണത്തേയാണ് സൂചിപ്പിക്കുന്നത്. തന്റെ സ്വന്ത ഇഷ്ടപ്രാകാരം അങ്ങനെ മരിച്ചവരെ തന്റെ മരണം മൂലം രക്ഷിക്കുവാൻ വേണ്ടി അവൻ പാതാളത്തിലേക്ക് ഇറങ്ങുവാൻ ഇഷ്ടപ്പെട്ടു.

വീണ്ടും, പീലാസായിലും കാസായിലുമായി നാം മൂന്ന് കാര്യങ്ങൾ കാണുവാൻ കഴിയും. കാസായിൽ വീഞ്ഞിന്റേയും വെള്ളത്തിന്റേയും മിശ്രിതവും ശരീരവും ഒന്നാകുന്നു. രണ്ടിൽ നിന്നുള്ള കാസാ ദൈവത്വത്തേയും ആത്മാവിനേയും സൂചിപ്പിക്കുന്നു. രണ്ടും പദാർത്ഥങ്ങളല്ല. ശരീരമാകട്ടെ മരിച്ചവരുടെ ഇടയിൽ നിന്നുള്ള ഉയിർപ്പിനെ സൂചിപ്പിക്കുന്നു. അവയെല്ലാം ഒന്നായി സംയോജിപ്പിനെ സൂചിപ്പിക്കുന്നു.

തീക്കട്ട എടുക്കുവാൻ പട്ടക്കാരൻ ആഗ്രഹിക്കുമ്പോൾ അടുത്ത് മറ്റ് പട്ടക്കാരൻ ഉണ്ടെങ്കിൽ അദ്ദേഹം കുർബ്ബാന അണയ്ക്കുന്ന പട്ടക്കാരന് നൽകുന്നത് ഉചിതമാണ്. അതായത് കുർബ്ബാന അണയ്ക്കുന്നയാൾ തന്നെത്തന്നെ തന്റെ പിതാവിന് കാഴ്ചയണച്ച വചനമായ ദൈവത്തെയാണ് പ്രതിനിധീകരിക്കുന്നത്. രണ്ടാമത്തെ പട്ടക്കാരൻ തീക്കട്ട കുർബ്ബാന അണയ്ക്കുന്ന ആളിന് കൊടുക്കുന്നത് ദൈവം നമ്മുടെ കർത്താവേശുമശിഹായെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചു (1കൊരി 6:14) എന്ന് പരിശുദ്ധ ശ്ലീഹാ പറയുന്നതുപോലെ തന്റെ പുത്രന്റെ സ്വന്ത ഇഷ്ടത്താൽ മരിച്ചവരുടെ ഇടയിൽ നിന്ന് അവനെ ഉയിർപ്പിച്ച പിതാവിനെയാണ് അർത്ഥമാക്കുന്നത്.

അതായത്, പരിശുദ്ധ ശ്ലീഹാ രണ്ടുപേരുടെ ഇഷ്ടത്തിന്റെ ഐക്യത്തേക്കുറിച്ച് പ്രസ്താവിക്കുമ്പോൾത്തന്നെ അവ വിഭജിക്കപ്പെട്ടിരിക്കുന്നു. കാരണം പുത്രൻ അവനെത്തന്നെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ചു. എന്നാലോ തന്റെ ഏകജാതനെ ഉയിർപ്പിച്ച പിതാവിനേക്കുറിച്ചാണ് അവിടെ (ശ്ലീഹാ) പറഞ്ഞത്. എന്തെന്നാൽ പിതാവാകുന്നു പുത്രന്റെ കാരണം. അതായത്, കാരണം (പുത്രൻ) പുത്രന്റെ കാരണമായവനോട് ഉള്ള ബന്ധത്തിൽ പിതാവ് മരിച്ചവരുടെ ഇടയിൽ നിന്ന് അവനെ ഉയിർപ്പിച്ചു എന്ന് പ്രയോഗിച്ചിരിക്കുന്നു.

[30] എന്തുകൊണ്ടാണ് കൂറോബോയുടെ അന്ത്യത്തിൽ ശരീരവും രക്തവും തുണികൊണ്ട് മൂടുന്നത്? ഇപ്രകാരം വിശുദ്ധരഹസ്യങ്ങൾ മൂടുന്നത് ഉചിതമാണ്, എന്തെന്നാൽ പിന്നീട് മറഞ്ഞിരിക്കുമ്പോൾത്തന്നെ അത് നൽകപ്പെടുന്നു. കാരണം വചനമാം ദൈവം മറഞ്ഞിരിക്കുകയായിരുന്നു എന്നും തന്റെ പിതാവിനോടുള്ള സംരക്ഷണത്തിലിരിക്കുകയായിരുന്നു എന്നുമാണ് ഇത് സൂചിപ്പിക്കുന്നത്. പിന്നീട് വെടിപ്പും വിശുദ്ധിയുള്ള മണ്ണയർ തന്നെ അന്വേഷിക്കുന്നത് അവൻ കണ്ടപ്പോൾ തന്റെ മഹാകരുണയാൽ അവൻ അവർക്ക് കാണപ്പെടുകയും തന്റെ ശരീരവും രക്തവും നൽകിക്കൊണ്ട് അവരെ സന്ദർശിക്കുകയും ചെയ്തു. വീണ്ടും, നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും മറഞ്ഞിരിക്കുന്നത് അവന്റെ ശരീരം കബറിന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്നതും രക്തവും വെള്ളവും അവൻ സ്കീപ്പാമേൽ കിടന്നപ്പോൾ അവന്റെ മാറിൽനിന്ന് ഒഴുകി ഭൂമിയുടെ ഉള്ളിൽ മറയ്ക്കപ്പെട്ടതിനേയുമാണ് സൂചിപ്പിക്കുന്നത്. രക്തം കൊണ്ട് അവൻ ജീവനുള്ളവനാണെന്നും വെള്ളം കൊണ്ട് അവൻ മരിച്ചവനാണെന്നുമാണ് കാണിക്കുന്നത്.

വീണ്ടും, നമ്മുടെ കർത്താവിന്റെ മാർവ്വിൽനിന്ന് ഭൂമിയിലേക്ക് ഒഴുകിയതായ രക്തത്തിനും വെള്ളത്തിനും എന്ത് സംഭവിച്ചു? അവ നശിച്ചുപോയോ അല്ലെങ്കിൽ അവയ്ക്ക് മറ്റെന്ത് സംഭവിച്ചു? കാരണം പുരുഷനും സ്ത്രീയും വിവാഹിതരാകുമ്പോൾ അവരിൽ ഓരോരുത്തർക്കും അവരിൽ എന്തുണ്ടോ അത് പുറപ്പെടുവിക്കുന്നു. അതായത്, പുരുഷന്റെ വിത്ത് വെള്ളവും സ്ത്രീയുടേത് രക്തവുമാകുന്നു. കാരണം പുരുഷനും സ്ത്രീയും പാപത്തിൽ പൂരിതമാണ്. ദൈവം കാരുണ്യവാനായതുകൊണ്ട് അവരെ രണ്ടുപേരേയും ഒന്നിച്ച് രക്ഷിക്കുവാൻ വേണ്ടി രക്തം സ്ത്രീയുടെ ശരീത്തിന്മേലിറങ്ങുകയും വെള്ളം ആദാമിന്റെ അസ്ഥികളിന്മേൽ ഇറങ്ങുകയും, അതായത് അവന്റെ പൂഴിയിന്മേലും വെള്ളം ഇറങ്ങി, അങ്ങനെ അവരെ രണ്ടു പേരേയും രക്ഷിച്ചു.

വീണ്ടും, നമ്മുടെ കർത്താവിന്റെ മാർവ്വിൽ നിന്ന് രക്തവും വെള്ളവും ഇറങ്ങിയത് ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടിയാണ് അവൻ വരുന്നത് എന്ന് വ്യക്തമായി സൂചിപ്പിക്കുന്നതിനു വേണ്ടിയാണ്. അതായത് രക്തം കൊണ്ട് (സന്ദർശിച്ചു എന്ന് ഉദ്ദേശിക്കുന്നത്) ജീവിക്കുന്നവരെ അവൻ സന്ദർശിച്ചു എന്നാകുന്നു. അതായത്, അവരുടെ ധാർമ്മിക പ്രവർത്തികളിലൂടെ



അവരുടെ ജീവിതകാലം മുഴുവൻ ആത്മീകരായി ജീവിച്ചവരായ പിതാക്കന്മാരേയും പ്രവാചകന്മാരേയും (അവൻ സന്ദർശിച്ചു). വെള്ളം കൊണ്ട് അർത്ഥമാക്കുന്നത് പാപത്താൽ മരിച്ചവർ, അതായത് തങ്ങളുടെ ആയുഷ്ക്കാലം ദുഷ്ടതയിൽ പോക്കി, വിഗ്രഹങ്ങളെ സേവിച്ചും തിന്മകൾ പ്രവർത്തിച്ചും കൊണ്ടിരുന്നവർ വെള്ളത്താൽ തങ്ങളുടെ രക്ഷയെ പ്രാപിച്ചു. മരിച്ചുപോയവരുടെ രക്ഷ വെള്ളത്തിൽക്കൂടെ ആകുന്നു.

[31] വിശുദ്ധ മദ്ബഹായുടെ തിരശ്ശീല എന്താണ് സൂചിപ്പിക്കുന്നത്? വിശുദ്ധ ശരീരം ഖണ്ഡിക്കുമ്പോൾ തിരശ്ശീല ഇടുന്നു. അതുപോലെ ഖണ്ഡിപ്പ് പൂർണ്ണമാകുമ്പോൾ തിരശ്ശീല നീക്കണം. വിശുദ്ധ ശരീരം പട്ടക്കാരനും ശെമ്മാശ്ശനും സ്വീകരിക്കുമ്പോൾ അത് വീണ്ടും ഇടണം. യൂക്കാറിസ്റ്റ് പൂർണ്ണമാകുമ്പോൾ വീണ്ടും അതുപോലെ തിരശ്ശീല ഇടണം.

മദ്ബഹായുടെ (വാതിൽക്കൽ) തിരശ്ശീല ഉണ്ടായിരിക്കട്ടെ, അത് സൂചിപ്പിക്കുന്നത് ദൈവത്തിനും മാലാഖമാർക്കും ഇടയിലുള്ള വേർതിരിവിനേയും അകലത്തേയും അതുപോലെ തന്നെ നിരകളും നിരകളും (മാലാഖമാരുടെ വിവിധ നിരകൾ) തമ്മിലുമുള്ള വേർതിരിവിനേയുമാണ്.

വിശുദ്ധ ശരീരം ഖണ്ഡിക്കുമ്പോൾ തിരശ്ശീല ഇടുന്നതിന് (കാരണം എന്താണ്?) വിശുദ്ധ ശരീരം ഖണ്ഡിക്കുമ്പോൾ സ്കീപ്പാമേലുള്ള ദൈവത്തിന്റെ കൊലയേയാണ് സൂചിപ്പിക്കുന്നത്. തിരശ്ശീല ഇടുന്നത് സൂചിപ്പിക്കുന്നത് ക്രൂശിതനായ ദൈവത്തെ കാണാതിരിക്കുവാൻ സ്വർഗ്ഗീയ സൈന്യങ്ങളുടെ മേൽ വിരിച്ചിരിക്കുന്ന തിരശ്ശീലയെ ആണ്. കാരണം വിശുദ്ധ മാലാഖമാർക്ക് കഷ്ടതയനുഭവിക്കുന്നവനും പരിക്ഷീണിതനുമായ ദൈവത്തെ കാണുവാൻ കഴിയുകയില്ല. വിവേചനാധികാരം ഇല്ലാത്തവർക്കു പോലും അത് വഹിക്കുവാൻ കഴിയുകയില്ല. അതായത്, സൂര്യൻ ഇരുണ്ട് പോകുകയും ഭൂമിയും വിണ്ടുകീറുകയും വിറയ്ക്കുകയും പിളരുകയും ചെയ്തു എങ്കിൽ അശരീരികളായവരും (മാലാഖമാർ) ദൈവത്തിന്റെ സമീപസ്ഥരുമായവർ എങ്ങനെ സഹിക്കും?

ഖണ്ഡിപ്പിനു ശേഷം (മറ) തുറക്കുന്നത് സൂചിപ്പിക്കുന്നത് ക്രൂശീകരണത്തിന് ശേഷം തിരശ്ശീലയെ മാലാഖമാരിൽ നിന്നും മനുഷ്യരിൽ നിന്നുമെടുക്കുകയും ക്രൂശിതനായവൻ സകലരുടേയും ദൈവമാണെന്ന് അവർക്ക് മനസ്സിലാകുകയും ചെയ്തു.

പട്ടക്കാരും ശെമ്മാശ്ശന്മാരും വിശുദ്ധ ശരീരവും രക്തവും സ്വീകരിക്കുമ്പോൾ വിശുദ്ധ തിരശ്ശീല ഇട്ടിരിക്കണം. ദൈവം തന്റെ ശരീരവും രക്തവും മാളിക മുറിയ്ക്കുള്ളിൽ വച്ച് തന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നൽകിയത് മറ്റാരും കാണാതെ രഹസ്യമായിട്ടായിരുന്നു. വീണ്ടും, പട്ടക്കാർ വിശുദ്ധ ശരീരവും രക്തവും സ്വീകരിക്കുമ്പോൾ തിരശ്ശീല ഇടുന്നത് പിതാവാം ദൈവം ജഡം ധരിച്ച തന്റെ പുത്രനെ നൽകിയപ്പോൾ കന്യക മറിയാമിനോട് ദൂതറിയച്ച ഗബ്രീയേൽ മാലാഖയും (പുറം 44) അതുപോലെ വിശുദ്ധ കന്യകയും അല്ലാതെ വചനമായ ദൈവത്തെ പ്രസവിക്കുവാൻ പോകുന്നു എന്ന് മറ്റ് മാലാഖമാർക്കോ മനുഷ്യർക്കോ അറിവില്ലായിരുന്നു.

പട്ടക്കാർ യൂക്കറിസ്റ്റ് സ്വീകരിച്ചതിന് ശേഷം തിരശ്ശീല തുറക്കുന്നതിന് കാരണം മാലാഖമാർ ആദ്യം ദൈവത്തെ സ്വീകരിച്ചതിന് ശേഷമാണ് അവനെ മനുഷ്യർ സ്വീകരിച്ചത്. അവർക്ക് ദൈവത്തോടുള്ള സാമീപ്യം കൊണ്ട് അശരീരികളായ (സ്വർഗ്ഗീയ) സൈന്യങ്ങൾ ഒന്നാമതായി സ്വീകരിച്ചതിനേയാണ്

അത് സൂചിപ്പിക്കുന്നത്.

[32] ജനങ്ങളുടെ അടുക്കലേക്ക് തിരുശരീരവും രക്തവും കൊണ്ടുപോകുമ്പോൾ ആദ്യം കാസാ അതായത് രക്തം കൊണ്ടുപോകേണം. ദൈവം മരിച്ചപ്പോൾ ആദ്യം രക്തം പുറപ്പെട്ടു എന്നതിന്റെ സൂചനയാണ്. അതായത് മരിക്കുന്നവനിൽ നിന്ന് രക്തം ആദ്യം പുറപ്പെടുന്നു എന്ന് അർത്ഥം. കാരണം ദൈവം മരിച്ചപ്പോൾ അവന്റെ രക്തം ആദ്യം പുറപ്പെട്ടു പിന്നീട് അവന്റെ ശരീരവും.

അവന്റെ ശരീരവും രക്തവും ജനത്തിനുനേരേ പുറപ്പെടുമ്പോൾ പുരുഷന്മാർ ആദ്യം സ്വീകരിക്കണം പിന്നീട് സ്ത്രീകളും. ദൈവം അവരെ സന്ദർശിക്കുവാൻ തക്കവണ്ണം അവരെ ആദ്യം ശക്തന്മാരും വീരന്മാരും ജയശാലികളുമാക്കി അവരെ സമീപിച്ചു പിന്നീട് ഉത്കൃഷ്ട കാര്യങ്ങളിൽ ബലഹീനരായി കാണുന്ന സ്ത്രീകളുടെ അടുക്കലും.

[33] വിശുദ്ധ രഹസ്യങ്ങൾ തിരികെ മദ്ബഹായിലേക്ക് കൊണ്ടുപോകുന്നത് പുത്രനെ തന്റെ പിതാവിൽ നിന്ന് വേർപിരിക്കുവാൻ ഒക്കില്ല എന്നതിന്റെ സൂചനയാണ്. നമ്മോടുകൂടെ കാണപ്പെടുകയും നമ്മോടുകൂടെ ചേരുകയും നമ്മുടെ ഇടയിൽ തന്റെ രക്ഷാകരപ്രവൃത്തികൾ ചെയ്തു എങ്കിലും അവൻ തന്റെ പിതാവിൽ നിന്ന് വേർപെടാതെ അവനോടുകൂടെ ആയിരുന്നു.

രക്തം അല്പം ശേഷിക്കുന്നു എങ്കിൽ ശരീരം നിലനിൽക്കും. കാസാ ഒരു രാത്രി അല്ലാതെ സൂക്ഷിക്കുവാൻ അനുവാദമില്ല. പിറ്റെ ദിവസം അത് അനുഭവിച്ചിരിക്കണം. ഇത് കാണിക്കുന്നത് ഉപമാനങ്ങളായും നിഴലായും മോശ മാത്രം അറിഞ്ഞിരുന്ന ഒരു നിയമത്തിന്റെ അവ്യക്തത വചനമായ ദൈവം വെളിപ്പെടുത്തി. പിന്നീട് സുവിശേഷങ്ങളുടെ നിയമം ഉണ്ടായപ്പോൾ അവയെല്ലാം (അവ്യക്തതകൾ) പൂർണ്ണമായി നീങ്ങിപ്പോകുകയും ചെയ്തു. വീണ്ടും അവൻ മരിച്ചവരുടെ ഇടയിൽ ആയിരുന്നപ്പോൾ ശാബതിന്റെ രാത്രിയായിരുന്നു. ഞായറാഴ്ച രാത്രിയിൽ അവൻ ഉയിർക്കുകയും ചെയ്തു. വീണ്ടും, ഒരു രാത്രി കാസാ വച്ചുകൊണ്ടിരിക്കുന്നത് ന്യായമാണ്. അതുകഴിഞ്ഞ് അത് പൂർത്തീകരിക്കണം (അനുഭവിക്കണം). കാരണം ദൈവം നമ്മിൽ നിന്ന് ഒരു ശരീരം മാത്രമേ സ്വീകരിച്ചുള്ളൂ. അവന്റേതൊന്നും അവശേഷിച്ചില്ല അവനിൽ നിന്ന് യാതൊന്നും അവശേഷിപ്പിക്കുന്നുമില്ല. അതുപോലെ കാസാ പരികർമ്മിക്കപ്പെടുന്ന ആൾ അത് അറിയുന്നില്ല. അപ്രകാരം വചനം ദൈവം നമ്മുടെ രക്ഷയ്ക്കുവേണ്ടി ശുശ്രൂഷ ചെയ്തപ്പോൾ അവന് അത് മറവായിരുന്നു അവൻ അറിഞ്ഞിരുന്നില്ല. അവൻ ശരീരത്തിൽ വെളിപ്പെട്ടതുപോലെ നമുക്കുവേണ്ടി കഷ്ടതകൾക്ക് വിധേയമാകാത്ത അവൻ നമുക്കുവേണ്ടി അത് സ്വീകരിക്കുകയും തന്റെ ഉയിർപ്പിന് ശേഷം അവയെ (കഷ്ടതയെ) അവൻ സ്വീകരിച്ച ശരീരത്തിൽ നിന്ന് നീക്കിക്കളയുകയും നശിപ്പിക്കുകയും ചെയ്തു. *നീ നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ അനുവദിച്ചില്ല* (സങ്കീ 16:10) എന്ന് പിതാവിനേക്കുറിച്ച് ദാവീദിന്റെ വചനം പറയുന്നതുപോലെ നിലനിൽക്കുന്ന ശരീരം വചനം ദൈവത്തിന്റെ ശരീരത്തിൽ മരിച്ചവരുടെ ഇടയിൽ നശിക്കാതെ കാണപ്പെട്ടു.

മൂടപ്പെട്ട വിശുദ്ധ രഹസ്യങ്ങൾ സൂചിപ്പിക്കുന്നത് പുതിയ ലോകത്തെയാണ്. ശരീരത്തിൽ ഇരിക്കുന്നവരെ സഭയിൽനിന്ന് എടുക്കുമ്പോൾ ആത്മീകരായ മനുഷ്യരേപ്പോലെ എല്ലാവരും ഒരുപോലെ പരിശുദ്ധാത്മാവുള്ളവരായി ത്തീർന്നു.

[34] വിശുദ്ധ രഹസ്യങ്ങൾ സ്വീകരിച്ചതിന് ശേഷം ആശീർവ്വാദം ഉണ്ടായിരിക്കട്ടെ. ഇത് സൂചിപ്പിക്കുന്നത്, വചനം ദൈവത്തിന്റെ ശരീരം സ്വീകരിക്കുന്ന നമുക്ക് അവൻ നമ്മെ ധാരാളമായി അനുഗ്രഹിക്കുകയും ശാപത്തിന്റെ കാരണം നമ്മിൽ നിന്ന് നാം നീക്കിക്കളയുകയും ചെയ്യുന്നു. പട്ടക്കാരൻ ഭരമേൽപ്പിക്കുന്നത് അർത്ഥമാക്കുന്നത് വിശുദ്ധരായ പട്ടക്കാർ വിശ്വാസികളുടെ ആത്മാക്കളെ വിശുദ്ധിയോടെ ദൈവത്തെ ഏൽപ്പിക്കുവാൻ അവരെ ഭരമേൽപ്പിക്കുന്നു എന്നാണ്.

[34] കൂറോബോയുടെ വ്യാഖ്യാനം അവസാനിക്കുന്നു. അതിന്റെ എല്ലാ ക്രമീകരണവും ചട്ടവട്ടങ്ങളും അതിൽ കാണപ്പെടുന്ന എല്ലാ സാമഗ്രികളും അതിന്റെ പ്രവേശനങ്ങളും (പ്രൊസഷൻ) അതിന്റെ വരവും അവയുടെ പ്രാരംഭ പ്രവർത്തനങ്ങളും അവയുടെ അവസാനവും അവയെക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയുംപോലെയുള്ള സകലവും (വിവരിച്ചു). അവസാനിച്ചു.

(തുടരും)



ഫാ. ജോഷ്വാ ഏബ്രഹാം അന്തരിച്ചു

പരിയാരം: ബെംഗളൂരു ഭദ്രാസനം ഹൈദരാബാദ് ജീഡിമെഡ്‌ല സെന്റ് ജോർജ് പള്ളി വികാരി ഇലയ്ക്കാട്ടായ വലിയ പുറത്തിയാട്ട് ഫാ. ജോഷ്വാ ഏബ്രഹാം (62) അന്തരിച്ചു. സംസ്കാരം പരിയാരം സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

ഭാര്യ: കറ്റാനം വാലുകുറ്റിയിൽ ഡെയ്സി തോമസ് (നഴ്സ്, സൗത്ത് സെൻട്രൽ റെയിൽവേ, ഹൈദരാബാദ്). മക്കൾ: അജോയ് (വിപ്രോ, ഹൈദരാബാദ്), ഷെറിൻ (ബെംഗളൂരു). മരുമക്കൾ: ആനി പടിഞ്ഞാറ്റേതിൽ മഠത്തിൽ (തട്ട), പിൻസ് വണ്ണപ്പുഴ (മൈലപ്ര).



മാർ അപ്രേം മെത്രാപ്പോലീത്തായുടെ ജേഷ്ഠ സഹോദരൻ നിര്യാതനായി

അടൂർ-കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. സഖറിയ മാർ അപ്രേം മെത്രാപ്പോലീത്തായുടെ ജേഷ്ഠ സഹോദരൻ നിലമ്പൂർ ചുങ്കത്തറ കാടുവെട്ടൂർ തച്ചിരുപറമ്പിൽ മാത്യു കുര്യാക്കോസ് (സോളി, 62 വയസ്) നിര്യാതനായി. സംസ്കാരം മെയ് 22-ന് 11 മണിക്ക് ചുങ്കത്തറ സെൻറ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ.



മദ്രാസ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശ്രീലങ്കൻ മിഷന്റെ ഭാഗമായി ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഗീവർഗ്ഗീസ് മാർ പീലക്സിനോസ് എന്നിവർ ശ്രീലങ്കയിൽ എത്തി വിശുദ്ധ കുർബാന അർപ്പിച്ചു. അൽവാറീസ് മാർ യൂലിയോസിനു ശേഷം ആദ്യമായാണ് മലങ്കരസഭയിലെ പിതാക്കന്മാർ വടക്കൻ ശ്രീലങ്കയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നത്. മാർ യൂലിയോസിന്റെ കാലത്ത് മലങ്കരസഭയുടെ കീഴിൽ ശ്രീലങ്കയിൽ ഉണ്ടായിരുന്ന മാന്നാർ പരപ്പൻകണ്ടാൽ സെന്റ് മേരീസ് ദേവാലയവും ശ്രീലങ്കൻ മിഷനിലെ പുതുതായി രൂപികരിക്കപ്പെട്ട മുതലകുത്തി സെന്റ് മേരീസ് കോൺഗ്രിഗേഷനും, കിളിനോച്ചി ജയപുരം സെന്റ് തോമസ് പള്ളിയും സന്ദർശിക്കുകയും മെത്രാപ്പോലീത്താമാർ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. ജയപുരത്തു പുതുതായി നിർമ്മിക്കുന്ന ദേവാലയത്തിന് കല്ലിട്ടു. ബിജു അലക്സാണ്ടർ, സാജു സാമുവേൽ എന്നിവരുടെ സഹായത്തോടെ മിഷൻ ഡയറക്ടർ ഫാ. ലിനു ലൂക്കോസ് ക്രമികരണങ്ങൾക്കു നേതൃതം നൽകി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



“നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ”

പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച

(വി. യോഹന്നാൻ 13: 31–36)

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

പെസഹാ പെരുന്നാളിനു മുമ്പെ യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരെ എല്ലാം ഒന്നിച്ചു വിളിച്ചു കൂട്ടുന്നു. മുൻ അവസരങ്ങളിൽ അവിടന്ന് സമയമായില്ല എന്നു പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ സമയമായിരിക്കുകയാണ് എന്നു പറയുകയാണ്. അവസാനത്തോളം സ്നേഹത്തിന്റെ പരമകാഷ്ഠവരെ അവരെ സ്നേഹിച്ചു. മരണത്തോളം ഏറ്റവും സമീപിച്ച സമയത്തും ക്രിസ്തുവിന്റെ ചിന്ത സ്വയത്തെക്കുറിച്ചായിരുന്നു. കുരിശിൽ തൂങ്ങിക്കിടന്ന അവസരത്തിലും അവിടുത്തെ ചിന്ത ശിഷ്യന്മാർ, തന്നെ കുരിശിൽ തറച്ചവർ, കൂട്ടത്തിൽ തറക്കപ്പെട്ട കള്ളന്മാർ, മാതാവ് ഇവരെക്കുറിച്ചായിരുന്നു. അവിടുന്ന് സാക്ഷാൽ ദൈവമാണ്. അവിടുത്തെ മനുഷ്യാവതാരകാലം സമാപിക്കാറായിരിക്കുന്നു. ഈ അവസരത്തിൽ സ്നേഹത്തിന്റെയും താഴ്മയുടെയും ആദർശം പ്രവൃത്തിയിലൂടെ തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാൻ അവിടുന്നു ശ്രമിക്കുന്നു. എത്ര ഉയർന്ന നിലയിലുള്ള ആളായാലും തന്റെ സ്നേഹിതന്മാർക്കുവേണ്ടി എന്തിനും സന്നദ്ധനാകണം. മേലുള്ളവരുടെ ചുമതല തങ്ങളുടെ താഴെയുള്ളവരെ സേവിക്കുകയാണ്. തങ്ങളിൽ ആരാണ് വലിയവൻ എന്ന് ശിഷ്യന്മാരുടെ ഇടയിൽ തർക്കമുണ്ടായി (വി. ലൂക്കോസ് 22:24). ഭക്ഷണസമയത്ത് അവിടെ ആവശ്യമായ പരിചരണം നിർവ്വഹിക്കുന്നതിൽ അവർ മത്സരബുദ്ധി പ്രകടിപ്പിക്കുകയായിരുന്നു. അതിഥിയുടെ കാൽ കഴുകുക വിരുന്നു ഒരുക്കുന്നവരുടെ ഉത്തരവാദിത്വം ആയിരുന്നു. എന്നാൽ ആ ജോലി ചെയ്യുന്ന പക്ഷം ആ ആൾ കൂട്ടത്തിൽ ഏറ്റവും ഹീനനെന്നു വന്നുപോയേക്കാമെന്ന് ഭയപ്പെട്ട് ആരും അതിനു തയ്യാറായില്ല. എന്നാൽ കർത്താവ് തന്നെ അവരുടെ എല്ലാവരുടെയും കാൽ കഴുകുന്നു.

ന്യായപ്രമാണപ്രകാരമുള്ള പെസഹാ ഭക്ഷണത്തിനുശേഷം (വി. മത്തായി 26:26) കർത്താവ് എഴുന്നേറ്റ് തന്റെ പുറംകുപ്പായം മാറ്റി, അരയിൽ ഒരു തൂവാലയും ചുറ്റി വെള്ളത്തിൽ പാത്രമെടുത്ത് ശരിയായ ഒരു ദാസനെപ്പോലെ എല്ലാവരുടെയും കാലുകൾ കഴുകുന്നു. ശരിയായ ഒരു ദാസനെപ്പോലെ ഈ പ്രവൃത്തി ചെയ്യുന്നത്. കർത്താവിന്റെ ഈ പ്രവൃത്തി മുഖാന്തിരം എല്ലാ ശിഷ്യന്മാർക്കും തങ്ങളുടെ സ്ഥാനമോഹത്തെക്കുറിച്ച് പശ്ചാത്താപമുണ്ടായി എങ്കിലും യൂദാ ഇസ്ക്കരിയോത്തായുടെ ഹൃദയത്തിനു മാത്രം യാതൊരു ചലനവും ഉണ്ടായില്ല. ഇത് മുന്നമേ അറിഞ്ഞതുകൊണ്ട് തന്നെ ഇപ്രകാരം പ്രവർത്തിക്കുന്ന കർത്താവിന്റെ ക്ഷമാശീലം വിസ്മനീയം തന്നെ. അർഹത നോക്കാതെ മറ്റുള്ളവർക്ക് സേവനം അനുഷ്ഠിക്കേണ്ടതാണ് എന്നുള്ള ഒരു സന്ദേശം കർത്താവ് ഇതിലൂടെ നൽകുന്നു. ഏതു സംഘടനയിലും, പ്രത്യേകിച്ചു ക്രിസ്തുസഭയിൽ ഏത് ഉന്നതസ്ഥാനത്തിരിക്കുന്നവരുടെയും ചുമതല ആരാണ് വലിയവൻ എന്ന് തീരുമാനിക്കുകയല്ല പിന്നെയോ സ്നേഹത്തിലൂടെ ശുശ്രൂഷ അനുഷ്ഠിക്കുക എന്നുള്ളതാണ്.

നിങ്ങൾ അന്യോന്യം സ്നേഹിക്കുവിൻ

നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയ ഒരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ സ്നേഹിക്കണം. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും. ഇവിടെ ക്രിസ്തു തന്റെ മനുഷ്യരോടുള്ള സ്നേഹം എപ്രകാരമുള്ളത് എന്നും അതേ മാതൃകയിൽ മനുഷ്യൻ മറ്റുള്ളവരെയും സ്നേഹിക്കണം എന്നും ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു. പഴയനിയമ കല്പനകളിൽ സ്നേഹത്തിനു വലിയ ഒരു സ്ഥാനം ഉണ്ടായിരുന്നു. ദൈവത്തെയും സമസൃഷ്ടിയെയും സ്നേഹിക്കുന്നതിൽ പത്തുകല്പനകൾ സംഗ്രഹിക്കപ്പെട്ടിരിക്കുന്നതായി കർത്താവ് പഠിപ്പിക്കുന്നു. ആകയാൽ ഇതു വെറും പുതിയ കല്പനയല്ല. പഴയതിന്റെ ഒരു തുടർച്ച. പഴയനിയമാനുസരണമുള്ള ഒന്നാമത്തെ പെസഹായ്ക്കുശേഷം മോശയ്ക്കു സീനായി മലയിൽ വച്ച് പത്തു കല്പനകൾ നൽകപ്പെട്ടു. കർത്താവ് ഇവിടെ ആ പഴയനിയമ പെസഹാ ആചരിച്ച് അതിനെ അവസാനിപ്പിക്കുകയും വി. കുർബ്ബാന സ്ഥാപിച്ചുകൊണ്ട് പുതിയനിയമം ആരംഭിക്കുകയും ചെയ്തു. അതേ തുടർന്ന് പുതിയനിയമത്തിലെ സർവ്വപ്രധാനമായ സ്നേഹമെന്ന കല്പനയും നൽകുന്നു. ഈ സ്നേഹം പ്രകടിപ്പിക്കുവാൻ സാധിക്കുന്നത് എങ്ങനെയാണ്? യജമാനൻ ദാസനെപ്പോലെ സ്വശിഷ്യരുടെ പാദസേവ അനുഷ്ഠിക്കുക. ശത്രുക്കൾക്കുവേണ്ടി കൂടി പ്രാണാർപ്പണം ചെയ്യുക എന്നീ രണ്ടു വലിയ ആദർശങ്ങൾ പ്രവർത്തിയിലൂടെ കാണിച്ചുകൊണ്ട് ഇതാണ് ശിഷ്യത്വത്തിന്റെ മാനദണ്ഡം എന്നു പറയുന്നത്.

ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെ സ്നേഹിക്കണം എന്നീ കല്പന നമുക്ക് അവങ്കൽനിന്നു ലഭിച്ചിരിക്കുന്നു (1 യോഹ. 4:20). എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും (1 യോഹ. 3: 16, 17). നാം വാക്കിനാലും, നാവിനാലും അല്ല പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക. ആയതിനാൽ നമുക്ക് അന്യോന്യം സ്നേഹിക്കുക എന്ന ദൈവീക കല്പന അനുസരിച്ച് ജീവിക്കുവാൻ കഴിയണം.

കഴിഞ്ഞ വ്യാഴാഴ്ച നാം സ്വർഗ്ഗാരോഹണപ്പെരുന്നാൾ ആഘോഷിച്ചു. ഉയർപ്പു പെരുന്നാളിനു ശേഷം നാല്പതാം ദിനമാണല്ലോ സ്വർഗ്ഗാരോഹണം. സ്വർഗ്ഗാരോഹണത്തിനു ശേഷം പത്താംനാൾ പെന്തിക്കോസ്തി. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തി വരെയുള്ള പത്തു ദിവസങ്ങൾ കാത്തിരിപ്പിന്റെ ദിവസങ്ങളായി സഭ കണക്കാക്കുന്നു. അപ്പോസ്തോലിക സമൂഹം കാത്തിരുന്നതും ഇന്നത്തെ സഭ കാത്തിരിക്കുന്നതും തമ്മിൽ ഒരു വ്യത്യാസമുണ്ട്. ലഭിച്ചിട്ടില്ലാത്ത പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ വേണ്ടിയായിരുന്നു അന്നു കാത്തിരുന്നത്. ഇന്നാകട്ടെ ലഭിച്ചിട്ടുള്ള ആത്മാവിന്റെ നിറവിനായി കാത്തിരിക്കുകയാണ്. നാമിന്ന് ജഡീകരായി തുടരുന്നു. നാം ആത്മീയമായി ഉയർന്നിട്ടില്ല. ഇന്നു നമുക്ക് പാപബോധമില്ല. സ്വയനീതീകരണത്തിലും ആത്മപ്രശംസയിലും നാം കഴിയുന്നു. മ്ലേച്ഛമായ പലതും മാന്യതയുടെ മൂടുപടം നാം അണിയിച്ച് നാം താലോലിക്കുകയാണ്. വെറുക്കപ്പെടേണ്ട പലതും മാന്യതയുടെ മാനദണ്ഡമായി അംഗീകരിക്കപ്പെടുകയാണ്. പരിശുദ്ധാത്മാവ് വരുമ്പോൾ പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും (വി. യോഹന്നാൻ 16:8). നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. ദൈവത്തിന്റെ ജനത്തിനുവേണ്ടി അവിടുത്തെ ഹിതപ്രകാരം ആത്മാവു തിരുസന്നിധിയിൽ പ്രാർത്ഥിക്കുന്നു (റോമർ 8:2..). ഇതിനുള്ള പരിഹാരം പരിശുദ്ധാത്മാവ് നിറവ് അല്ലാതെ മറ്റൊന്നു മല്ല.

പരിശുദ്ധാത്മ നിറവ് എങ്ങനെ കൈവരുത്താം?

എ) ഹൃദയം നേരുള്ളതായിരിക്കണം: “നിന്റെ ഹൃദയം ദൈവസന്നിധിയിൽ

നേരുള്ളതല്ലായ്കകൊണ്ട് ഈ കാര്യത്തിൽ നിനക്ക് പങ്കും ഓഹരിയുമില്ല (അ. പ്ര. 8:21). ശമര്യയിലെ ആഭിചാരകനായ ശീമോൻ മാനസാന്തരപ്പെട്ടു സ്നാനമേറ്റു, സഭയുടെ അംഗമായി. അപ്പോസ്തലന്മാർ മുഖാന്തിരം അത്ഭുതങ്ങൾ നടക്കുന്നതു കണ്ടപ്പോൾ പരിശുദ്ധാത്മശക്തി അയാൾക്കും ലഭിക്കണമെന്ന് മോഹമുണ്ടായി. അതു പ്രാപിക്കുവാൻ എന്തു വില കൊടുക്കുവാനും തയ്യാറാണെന്നു പറഞ്ഞപ്പോൾ പത്രോസ് പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. ദാവീദ് രാജാവ് പ്രാർത്ഥിക്കുന്നു "ദൈവമേ നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കണമെ (സങ്കീ. 5:10). "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും (അ. പ്ര. 2:38).

ബി) കാത്തിരുന്നു പ്രാർത്ഥിക്കണം: ആത്മാവ് ദൈവത്തിന്റെ വിലയേറിയ ദാനമാണ്. അത് നാം ദൈവത്തോട് അപേക്ഷിച്ച് പ്രാപിക്കേണ്ടതാകുന്നു. അപ്പോസ്തല സമൂഹം യരുശലേമിൽ നിന്ന് വിട്ടുപോകാതെ കർത്തൃനിയോഗപ്രകാരം ഏകാത്മാവിൽ, ഏകമനസ്സോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അങ്ങനെ പ്രാർത്ഥനാനിരതരായി കഴിഞ്ഞ സമൂഹത്തിനാണ് പെന്തിക്കോസ്തിയിൽ പരിശുദ്ധാത്മദാനം ലഭിച്ചത്.

സി) ദൈവത്തിന്റെ കല്പനകളെ അനുസരിക്കണം: ദൈവം തന്നെ അനുസരിക്കുന്നവർക്ക് നൽകിയ പരിശുദ്ധാത്മാവും സാക്ഷി ആകുന്നു. (അപ്പോ. പ്ര. 5:32) ദൈവത്തിന്റെ പ്രമാണങ്ങളെ അനുസരിക്കാത്തവർക്ക് ആത്മാവിനെ ലഭിക്കുകയില്ല. പിതാവിനോടു പൂർണ്ണമായി അനുസരണമുള്ളവനായിരുന്നു പുത്രൻ തന്മൂലം ആത്മനിറവുള്ളവനായി അവിടുന്നു തന്റെ ദൗത്യം നിർവ്വഹിച്ചു.

ഈ കാത്തിരിപ്പിന്റെ ഈ കാലഘട്ടത്തിൽ പരിശുദ്ധാത്മാവിന്റെ പുതുക്കത്തിനായി നമുക്ക് ഹൃദയം നേരുള്ളവരായി, ദൈവത്തിന്റെ കല്പനകളെ അനുസരിച്ച് കാത്തിരുന്നു പ്രാർത്ഥിക്കാം.

❑

ദിദിമോസ് പ്രഥമൻ ബാവായുടെ ഓർമ്മപെരുന്നാൾ 21 മുതൽ


കോട്ടയം: പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഒൻപതാം ഓർമപ്പെരുന്നാളും കൺവൻഷനും 21 മുതൽ 26 വരെ പത്തനാപുരം മാണ്ട് താബോർ ദയറയിൽ നടത്തും. 21-ന് 8-ന് ഡോ. ജോസഫ് മാർ ദിവന്നാസിയോസിന്റെ കാർമികത്വത്തിൽ കുർബാന, തുടർന്ന് കൊടിയേറ്റ്, വൈകുന്നേരം 6.45ന് ഡോ. സഖറിയ മാർ അപ്രേം അധ്യക്ഷത വഹിക്കുന്ന സമ്മേളനം മാർ ദിവന്നാസിയോസ് ഉദ്ഘാടനം ചെയ്യും.

22, 23, 24, 25 തീയതികളിൽ 6.30-ന് സഖറിയ മാർ സേവേറിയോസ്, ഡോ. ജോഷ്വ മാർ നിക്കോദിമോസ്, ഡോ. ഗീവർഗീസ് മാർ ബർന്നബാസ്, ഡോ. ഗീവർഗീസ് മാർ പക്കോമിയോസ് എന്നിവർ കുർബാന അർപ്പിക്കും.

21,22, 23 , 24 തീയതികളിൽ രാത്രി ഏഴിന് സഖറിയ മാർ സേവേരിയോസ്, ഫാ. തോമസ് രാജു കരുവാറ്റ, ഡോ. ഗീവർഗീസ് മാർ ബർന്നബാസ്, ചങ്ങനാശേരി അതിരുപത സഹായ മെത്രാൻ ബിഷപ് ഡോ. തോമസ് തറയിൽ എന്നിവർ പ്രസംഗിക്കും. 25-ന് വൈകിട്ട് റാസ. 26-ന് 8-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിലും അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. സഖറിയ മാർ അപ്രേം എന്നിവരുടെ സഹകാർമികത്വത്തിലും മൂന്നിന്മേൽ കുർബാനയും തുടർന്ന് കബറിങ്കൽ ധൂപ്രപാർഥനയും. പത്തനാപുരം സെന്റർ ഓർത്തഡോക്സ് കൺവൻഷന്റെ രജത ജൂബിലി പ്രമാണിച്ച് നിർമിച്ചു നൽകുന്ന ഭവനത്തിന്റെ താക്കോൽ ദാനവും ബാവാ നിർവഹിക്കുമെന്ന് അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, ദയറ സുപ്പിരിയർ യൌനാൻ സാമുവൽ റമ്പാൻ, ദയറ സെക്രട്ടറി ഫാ. ഫിലിപ്പ് മാത്യ എന്നിവർ അറിയിച്ചു.



പുതുതായി ബഹറിൻ അംബാസിഡർ ആയി നിയമിതനായ ശ്രീലങ്കയിലെ ഇന്ത്യൻ ഡെപ്യൂട്ടി ഹൈക്കമ്മീഷണറും സഭാംഗവുമായ വിനോദ് കെ. ജേക്കബിനെ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഗീവർഗ്ഗീസ് മാർ പീലക്സിനോസ് എന്നിവർ സന്ദർശിച്ച് മലങ്കരസഭയുടെ അനുമോദനങ്ങൾ അറിയിച്ചു.







കേരളാ കോൺഗ്രസ് സംസ്ഥാന കമ്മിറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വൈസ് ചെയർമാൻമാരായി ജോസഫ് എം. പുതുശ്ശേരിയും രാജൻ കണ്ണാട്ടും പാർട്ടി ഉന്നതാധികാര സമിതി അംഗമായി ഡോ. ജോർജ് വർഗ്ഗീസ് കൊപ്പാറയും ഹെഡ് ക്വാർട്ടേഴ്സ് ചുമതലയുള്ള സംസ്ഥാന ജനറൽ സെക്രട്ടറിയായി എ. കെ. ജോസഫും തെരഞ്ഞെടുക്കപ്പെട്ടു.

കേരള യൂണിവേഴ്സിറ്റി MA BEHAVIOURAL ECONOMICS & DATA SCIENCE ൽ നിർമ്മൽ എസ്. വർഗ്ഗീസ് ഒന്നാം റാങ്ക് കരസ്ഥമാക്കി. മാവേലിക്കര ഭദ്രാസനത്തിലെ പുന്നമൂട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



"The Glorifying Love!"

(The Sunday before the Pentecost)
John 13:31-36



Fr. Geevarghese Thomas

The Gospel Passage highlights two important themes which are- glorification of the Godhead and Christ's New Command of Loving one another. If pondered upon, these two themes are much relatable. Jesus states how His being glorifies God the Father and correspondingly how God the Father will glorify the Son in Himself. If we humbly analyse the mutual glorification of the Godhead, we will be gifted the grace to comprehend the actual definition of love in Their being! The Agape Love or God's unconditional and sacrificial love is none other than the oneness in the essence and being of the Holy Trinity. This command of Love is been entrusted to us to be glorified, being the image bearers through justifying our discipleship.

Reflections

1. God is glorified in true fellowship.

For healing to take place, there must be a sick, the affecting sickness and the healer. These three makes a system of its own justifiable. In the very beginning, God in His epitome of love, created us, sustained us and saved us. And in every conquest of Satan, God in His love, incarnated and made us victorious taking the human likeness. In all His economy, God is been glorified amidst the true fellowship of His believers. This fellowship is the Church (by nature), where God's sovereignty is the cherished bliss unequivocally. This fellowship is free from the disparities of freewill and shares the love of God in individual being. The Gospel Passage records- "When he (Judas, who had evil will by then) was gone, Jesus said, "Now the Son of Man is glorified and God is glorified in him. If God is glorified in him, God will glorify the Son in himself, and will glorify him at once" (John 13:31,32). The moment "evil will" went out from the company, the very presence of the true disciples gave birth to a Church (state) in which the True Master and God is glorified!

This "Church" or fellowship experience is very much significant in our 'individual holistic being' as well as in ecclesio-sacramental life. As the Holy Scripture highlights our bodies as (or to be) the temple of God, we must master our thoughts, words and actions and whole of our mind, body and spirit to be in fellowship of glorifying God in our being. Every single scope of evil will must be expelled before its fruition. And this state of holistic or integral fellowship of our being has to be regularly witnessed and exercised through uninterrupted participation in the ecclesio-sacramental life. The edification of our being is fulfilled in the Sacramental transformation of ourself. This sacramental transformation is again the gift of God's love, glorified through us.

2. God is glorified in loving one another.

"A new command I give you: Love one another. As I have loved you, so you must love one another. By this everyone will know that you are my disciples, if you love one another" (John 13:34,35). God's love is the "oneness" in God's distinct hypostasis. If we humbly try to translate God's love in our lives, we must acquire the same oneness in our mind. The perfect reflection of God's love is the creation of humankind. Since Satan could not distort the oneness of God's love in God's hypostasis, he tried to distort God's reflection which is the creation gifted with freewill. That is why, Satan deceived them by saying - "You will not certainly die, for God knows that when you eat from it your eyes will be opened, and you will be like God, knowing good and evil" (Genesis 3:4,5). He tricked them by giving them a desire of becoming like God. In this way, he distorted the oneness between God and His creation. But God who is eternal Love, regained His creation through "the economy of love". Jesus gives us the new command of loving one another so that we may be called His disciples!

Though we have certainly advanced in the brainy race of power, technology, facilitation, status and fame, we as Christians (the perfect reflection of God's love) must challenge ourselves to know if we are deceived to be in the race of becoming human gods or are we able to tame the evil wills and realise the Image and Likeness to witness Christ through our discipleship. Christian discipleship is the vocation in the new command of Christ which is to love one another. Loving one another is the act of communion in God. That is why Christ teaches us- "when you are offering your gift at the altar, if you remember that your brother or sister has something against you, leave your gift there before the altar and go; first be reconciled to your brother or sister, and then come and offer your gift" (Matthew 5:23,24). To love one another is the Sacramental fulfilment of becoming like God (Christ), by being His disciples and glorifying Him through our discipleship.

Conclusion

Christian life in the Apostolic Traditions, is the gift to make our individual being- a Church experience, a true fellowship, to celebrate the oneness of God's will and His sovereignty. Expelling and uprooting the weeds like evil wills, are necessary to offer ourselves as living sacrifices and glorify Christ through the virtue of love. May God bless us.

◆

Article

On Kaathirippu Dinangal'

(The days of awaiting the Holy Spirit)

Geevarghese Mar Ivanios Metropolitan

'Kaathirippu Dinangal' (The days of awaiting the Holy Spirit) are the days of anticipation to the feast of Pentecost. In the church life, these days should be viewed with the same gravity as one would accord to the Passion Week.

The Gospel portion which forms the basis of 'Kaathirippu Dinangal' is from the Gospel of St. Luke- "but tarry in the city of Jerusalem until you are endued with power from on high" (St. Luke 24:49). The wait is for the Spirit of truth-the Helper (St. John 14 :16).Today we will reflect on a commonly asked question. Why should one await the Holy Spirit when he/she already has received the anointing of the Holy Spirit during the holy Baptism?

Let us understand the answer by reviewing the following counter questions. We can verify whether one has received baptism by simply examining the church register but how do we know if the power of the Holy Spirit is still guiding our actions? How is a Christian able to say that the Holy Spirit abides in him/her?

The Apostle gives the answer-"Do not be overcome by evil, but overcome evil with good" (Romans 12:21). We grow in Spirit when we follow what is morally good. We await the Holy Spirit to get renewed strength so that virtues flourish in us.Let us look at a more illustrative example. A prayer in the Divine Liturgy goes thus-"Come, dwell and overflow". These words greatly help in elucidating the presence of the Holy Spirit.

1) The meaning of the first word can be understood in holy Baptism. The Holy Spirit - the Helper comes, as the Lord promised, on anyone who accepts Christ. This gift is received by everyone who believes in Him.

2) The next level is to dwell or to permeate. Herein the faith is put into practice indicating a life of integrity and holiness. The growth in virtues is the hallmark of this stage. This happens when our lifestyle is focused on obedience to the Spirit-the Helper who leads us through the right way, comforts, and cares for us.The Lord is the Way and the Truth. The Spirit guides our way in truth and righteousness and ultimately leads us to the Lord. It is the Holy Spirit that strengthens our growth in Christ and makes us aware of sin, righteousness, and judgment (St. John 16:8) which then leads to a holy life.

A holy life is a life which keeps the righteousness of Christ, is conscious of sin, and grows in goodness. Ultimately, it is the love for goodness that is the root of the sanctity of life. "If you love Me, keep My commandments" (St. John 14:15) To keep the commandment implies obedience to God.

We dwell in God's love when we obey His commandments. Obedience is an act of faith. The godly love ensues when there is a convergence of faith, obedience, and holiness. It is the consciousness of sins that ushers a fervor in faith. Reminiscence of God's righteousness steers us to obedience. The remembrance of the judgement helps us to grow in holiness. Worldly human love is devoid of these three characteristics (i.e., faith, obedience, and holiness). The assurance of the Holy Spirit makes us able to live in God's love.

The Christian life nowadays is like a neyyappam sans the 'neyya' (ghee/clarified butter). Our actions are devoid of Christ. Deference to what is morally good and virtuous is a sign of the indwelling of the Holy Spirit. The second level is not the same for everyone- it permeates according to our actions.



3) The third stage is 'to overflow'. We call people in this stage as saints. A life of true Christian perfection is a life growing in the Holy Spirit and overflowing with the fruit of the Spirit.

Mahatma Gandhi said thus to Stanley Jones: "You live the gospel; people will follow you". Remember the words: "You should live in obedience to the gospel instead of preaching it and people will follow you".

After a child is born in this world, the rebirth happens in the holy Baptism. The spiritual growth is due to Christ-centered actions. God's overflowing love (a holy life) is its perfection.

Is it sufficient that a child is merely born? Shouldn't he/she be growing too. Is it sufficient that we just receive the Holy Spirit in the holy Baptism-should not we be growing and be filled with it as well. Hence, we await the Holy Spirit.

According to the Holy Bible, all who received the holy Baptism are called saints. We are called to holiness. The Christians must be able to take up the challenge of obedience to the Spiritˆfor which one needs to have the spiritual strength. One must wait to renew the spiritual fervor. The holy Church must now undertake the days of awaiting the Holy Spirit even more seriously.

******

In Christ,

Rincy

Ref: Chapter 1- Grow in Goodness, The Beauty of Silence, Pgs 15-18, Mashikkoottu imprint.

ഗാനം

വി. ഗീവറുഗീസ് സഹദാ

(മൽക്കൂസ് റൗമോ രീതിയിൽ
ഒരു സുറിയാനി ഗീതം)

ഡെറിൻ രാജു



ܙܟܘܬܟ ܥܡܢ. ܓܝܘܪܓܝܣ ܣܗܕܐ
ܗܘ ܟܠܝܠܐ ܕܣܗܕܐ.
ܨܠܘܬܗ ܘܒܥܘܬܗ
ܗܒ ܠܢ ܡܪܢ ܫܘܒܩܢܐ
ܕܚܛܗܐ. ܢܦܘܚ ܠܥܠܡ
ܐܝܟ ܒܣܡܐ ܕܘܟܪܢܗ
ܟܠ ܥܠܡܐ ܘܒܐܪܒܥ ܦܢܝܬܐ ✤

ܙܟܘܬܟ ܥܡܢ. ܐܘ ܡܪܝ ܓܝܘܪܓܝܣ
ܗܘ ܫܒܝܠܐ ܠܡܪܢܐ.
ܨܠܘܬܗ ܘܒܥܠܬܗ
ܗܒ ܠܢ ܡܪܢ ܛܝܒܘܬܐ.
ܒܝܘܡܐ ܕܕܘܟܪܢܗ
ܚܕܝܐ ܥܕܬܐ ܩܕܝܫܬܐ
ܘܐܡܪܐ ܫܘܒܚܐ ܠܗ ܠܐܠܗܐ ✤

അർത്ഥം

സഹദേൻമാരുടെ കിരീടമായ വിശുദ്ധ മാർ ഗീവറുഗീസ് സഹദ, നിന്റെ പ്രാർത്ഥനകൾ ഞങ്ങളോടൊപ്പമുണ്ടാകട്ടെ. അവന്റെ പ്രാർത്ഥനകളാലും യാചനകളാലും, കർത്താവ് ഞങ്ങൾക്ക് പാപമോചനം നൽകട്ടെ. അദ്ദേഹത്തിന്റെ സ്മരണ സുഗന്ധംപോലെ സ്വർഗത്തിലും നാലു ഭാഗങ്ങളിലും എന്നേക്കും നിലനിൽക്കട്ടെ.

കർത്താവിലേക്കുള്ള വഴിയായ മാർ ഗീവറുഗീസ്, നിന്റെ പ്രാർത്ഥന ഞങ്ങളോടൊപ്പമുണ്ടാകട്ടെ. അവന്റെ പ്രാർത്ഥനകളാലും അപേക്ഷകളാലും കർത്താവ് ഞങ്ങൾക്ക് അനുഗ്രഹങ്ങൾ നൽകട്ടെ. അവന്റെ ഓർമ്മ ദിനത്തിൽ വിശുദ്ധ സഭ സന്തോഷിക്കുകയും ദൈവത്തിനു സ്തുതി പാടുകയും ചെയ്യും.



കണ്ടനാട് ഈസ്റ്റ് ഭദ്രാസന വൈദിക പഠനശിബിരം. 2023 മെയ് 15, 16, 17. സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, മൂന്നാർ.



തുമ്പമൺ ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഏബ്രഹാം സെറാഫിം മെത്രാപ്പോലീത്തായോടൊപ്പം ‘സംവേദനവും സംവാദവും’ പൊന്നമ്പി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വച്ചു നടത്തി.



Jennifer Varghese (St. George Orthodox Cathedral, Nagpur) won 5 gold medals at South Asian Table tennis youth Championship held at Itanagar, Arunachal Pradesh. She won in U15 Singles, U15 doubles, Mixed doubles, U 15 team and U19 team events.



വിശുദ്ധ അൽഫോൻസാമ്മയുടെ സ്മരണാർത്ഥം ഓസ്ട്രേലിയയിലെ 'ഫാമിലി കണക്ട്' പ്രോജക്റ്റ് ആസ്ട്രേലിയൻ തപാൽ വകുപ്പ് വഴി തയ്യാറാക്കിയ തപാൽ സ്റ്റാമ്പിന്റെ പ്രകാശനം, പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവ്വഹിച്ചു. ഭരണങ്ങനത്തെ അൽഫോൻസാമ്മയുടെ ദേവാലയത്തിൽ നടന്ന ചടങ്ങിൽ സീറോ മലബാർ പാലാ രൂപതാ അധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മുൻ അധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജോസഫ് സ്രാമ്പിക്കൽ, മാർ ജോസഫ് കൊല്ലംപറമ്പിൽ, കെയർ ആൻഡ് ഷെയർ മാനേജിങ് ഡയരക്ടർ ഫാ. തോമസ് കുര്യൻ മരോട്ടിപ്പുഴ, കാതോലിക്കാ ബാവായുടെ സോഷ്യൽ പ്രോജെക്ട്സ് ഡയറക്ടറും ഗോൾഡ് കോസ്റ്റ് സെന്റ് ഗ്രിഗോറിയോസ് മലങ്കര ഇന്ത്യൻ ഓർത്തഡോക്സ് ഇടവക അംഗവുമായ റോബർട്ട് കുര്യാക്കോസ് എന്നിവരുടെ സാന്നിധ്യത്തിലാണ് പ്രകാശനം നടന്നത്.





അഖില മലങ്കര പ്രാർത്ഥനയോഗം കേന്ദ്ര വാർഷിക സമ്മേളനം പുതുപ്പള്ളി പള്ളിയിൽ പരി. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.



പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്ര മായ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളിയിലെ പ്രവാസി കൂട്ടായ്മയായ ശ്മൂനി പ്രവാസി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ ഓൺലൈൻ ഡിജിറ്റൽ ബുള്ളറ്റിൻ 'ഗർഷോം ഡോ. സഖറിയാസ് മാർ അപ്രേം പ്രകാശനം ചെയ്തു.



പ്രൊഫ. ഡോ. എം. പി. മത്തായിയ്ക്ക് ഡോ. സുകുമാർ അഴീക്കോട് - തത്ത്വമസി പുരസ്കാരം സമ്മാനിച്ചു. 2023 മെയ് 13-ന് കണ്ണൂരിൽ നടന്ന ചടങ്ങിൽ വച്ചാണ് പുരസ്കാരം സമ്മാനിച്ചത്.



കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനോത്ഘാടനം കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ ചെയർമാൻ ഫാ. ഡേവിസ് ചിറമേൽ ഭദ്രദീപം തെളിയിച്ചുകൊണ്ട് നിർവ്വഹിച്ചു.



ജനിച്ചു വളർന്ന രാജ്യത്ത് അഭയാർത്ഥി ആകുന്നത് ദുഃഖകരം: മാർ ക്രിസോസ്റ്റമോസ്

തിരുവല്ല: ജനിച്ചു വളർന്ന രാജ്യത്ത് അഭയാർത്ഥി ആകേണ്ടിവരുന്നത് ദുഃഖകരമാണെന്നും ചുമതലപ്പെട്ടവരുടെ വാക്കും പ്രവർത്തിയും ഒന്നാകണമെന്നും ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുന്നത് അവസാനിപ്പിക്കണമെന്നും ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ കേരളാ ഓക്സിലിയറി പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ നടന്ന മണിപ്പൂരിലെ കഷ്ടത അനുഭവിക്കുന്ന ജനത്തോടുള്ള ഐക്യദാർഢ്യ പ്രാർഥന വേങ്ങൽ ബഥനി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കെസിസി ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി. തോമസ് അധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ സിൽവാനിയോസ് എപ്പിസ്ക്കോപ്പ, ബിഷപ്പ് ഡോ. സെൽവദാസ് പ്രമോദ്, റവ. ജോസഫ് കെ. ജോർജ്, റവ. വിപിൻ റോയ്സ്റ്റൻ എന്നിവർ പ്രാർത്ഥനക്ക് നേതൃത്വം നൽകി. ഫാ. ചെറിയാൻ ജേക്കബ്, ജോജി പി. തോമസ്, ലിനോജ് ചാക്കോ എന്നിവർ പ്രസംഗിച്ചു.



തേജോ ഭവനം മൂന്നാം വർഷത്തിലേക്ക്


തിരുവനന്തപുരം: നന്ദൻകോട് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ ചാരിറ്റി പ്രവർത്തനമായ തേജോ ഭവനം മൂന്നാം വർഷത്തിലേക്ക് പ്രവേശിക്കുന്നു. തിരുവനന്തപുരത്തെ വിവിധ ആശുപത്രിയിൽ ചികിത്സയ്ക്ക് വരുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഇവിടെ സൗജന്യ താമസം ക്രമീകരിച്ചിരിക്കുന്നു. തേജോ ഭവനിൽ പുതുതായി ക്രമീകരിച്ച ഡോർമെറ്ററി, കിച്ചൻ, എന്നിവയുടെ കൂദാശാകർമ്മം ഇടവക മെത്രാപ്പോലീത്ത ഡോ. ഗബ്രിയൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.

ഈ സൗകര്യം ആവശ്യമുള്ളവർ താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക: **8281934973, 7012123446,9447801094**



ജർമ്മനിയിലെ ഇന്ത്യൻ കോൺസൽ ജനറൽ സൗമ്യ ഗുപ്തയുമായി ജർമ്മനി സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയുടെ സഹവികാരി ഫാ. രോഹിത് സ്കറിയ ജോർജ്ജി കൂടിക്കാഴ്ച നടത്തി.

മണ്ണന്തലയിൽ വച്ച് ജോസഫ് മാർ ബർണബാസിന്റെ അധ്യക്ഷതയിൽ കൂടിയ ട്രിവാൻഡ്രം ക്ലർജി ഫെലോഷിപ്പ് സമ്മേളനത്തിൽ തിരുവനന്തപുരം കാരുണ്യ ഗൈഡൻസ് സെന്റർ ഡയറക്ടർ തോമസ് റമ്പാനെ പുതിയ പ്രസിഡന്റ് ആയി തെരഞ്ഞെടുത്തു. തിരുവനന്തപുരം കേന്ദ്രമാക്കി സേവനമനുഷ്ഠിക്കുന്ന വ്യത്യസ്ത ആരാധനാ പാരമ്പര്യമുള്ള 14 ക്രിസ്ത്യൻ സഭകളുടെ വൈദിക കൂട്ടായ്മയാണ് ട്രിവാൻഡ്രം ക്ലർജി ഫെലോഷിപ്പ്.





മാർ പക്കോമിയോസ് മൗണ്ട് മീമ്പാറ അരമനയുടെ മാനേജരായി ഫാ. നോബിൻ ഫിലിപ്പിനെ പ. കാതോലിക്കാ ബാവാ നിയമിച്ചു.





അഖില കേരള ബാലജനസഖ്യം കോട്ടയം മേഖല വൈസ് പ്രസിഡന്റ് ആയി ചുമതലയേറ്റ കുമാരി സ്വാതി എൽസ ജേക്കബ്. നെടുമാവ് വലിയപള്ളി ഇടവക അംഗവും, സൺഡേസ്കൂൾ അധ്യാപികയുമാണ്. ഊളമാക്കൽ (ഹർഷ ഭവൻ) ജേക്കബ് - റെനി ദമ്പതികളുടെ പുത്രി.